
Reg. No. T. 125. പത്രാധിപർ: ആർ. കൃഷ്ണൻനായർ Licence No. 680. Dated 22-9-1949.

# വികടകേസരി

## രാഷ്ട്രീയ വിനോദമാസിക



മന്നശങ്കരന്മാരായ ശ്രീരാമലക്ഷ്മണന്മാർ ഹിന്ദുമഹാമണ്ഡലമാകുന്ന വൃക്ഷംമറഞ്ഞു ബാലയായ കമ്പളത്തെ അമ്പെയ്തു മുറിവേല്പിക്കുന്നതു്

വരിസംഖ്യ എപ്പോഴും മുൻകൂർ ഒറ്റപ്രതി 3 ണ.

**WHEN YOU HAVE TO BUY OR SHELL ANYTHING IN JEWELLERY,**
*PLEASE CONSULT*

# T. S. S. MANI & CO.,

**JEWELLERS AND DEALERS IN PRECIOUS STONES**

MAIN ROAD, TRIVANDRUM. Phone No. 611.



*Our Speciality:*

Reliable and Fashionable Ornaments and Silverwares Made to suit everyone's TASTE and PURSE

**A TRIAL WILL CONVINCE**

## മൂന്നു് അമൂല്യരത്നങ്ങൾ

ഉന്മേഷവും ആരോഗ്യവും നശിച്ച യുവാക്കന്മാക്കു് ഞങ്ങളുടെ "ച്യവനപ്രാശം" ഏററവും ഉപയോഗപ്രദമാണു്. വില റ. 1-നു് 4 രൂ. ൮ ണ.

പ്രസവാനന്തരം സ്ത്രീകൾക്കുണ്ടാകുന്ന സകല അസുഖങ്ങളിൽനിന്നും രക്ഷിക്കാൻ "സൂതികാമയാന്തകം" അത്യുത്തമം 24 ഔ. കുപ്പി 1-നു് 4 രൂ. ൮ ണ.

നിങ്ങളുടെ പരിശ്രമത്താൽ ധാതുക്ഷയം സംഭവിച്ചവക്കു് ഞങ്ങളുടെ "ദശമൂലാരിഷ്ടം" ഉന്മേഷവും ബലവും നൽകുന്നു. 24 ഔ. കുപ്പി 1-നു് 4 രൂ. 12 ണ.

N. B. ആയുർവേദവിധിപ്രകാരം നിഷ്ക്കർഷമായി തയാറാക്കിയിട്ടുള്ള മററു് എല്ലാവിധ ഔഷധങ്ങളും തയാറുണ്ടു്.

ഉടമസ്ഥൻ: സി. കെ. പുരന്ദരൻവൈദ്യൻ
V. K. V. മെമ്മോറിയൽ, നാവായിക്കുളം A. O P O.

## പത്മാ കഫേ

മുല്ലക്കൽ അമ്പലത്തിനു് മുൻവശം
ആലപ്പുഴ.

ശുചിയും രുചിയുമുള്ള ആഹാരത്തിനും സുഖമായി താമസിക്കുന്നതിനും പററിയ സ്ഥാപനം.

## അന്നപൂർണ്ണാലയം ഹോട്ടൽ

ചിന്നക്കട, കൊല്ലം

പ്രശസ്തമായ രീതിയിൽ നടന്നുവന്നിരുന്ന പ്രസ്തുത ഹോട്ടൽ പൂർവ്വാധികം ഭംഗിയാക്കിയിരിക്കുന്നു. യാത്രക്കാരുടേയും സ്ഥിരതാമസക്കാരുടേയും സൌകര്യത്തെ ഉദ്ദേശിച്ചു് പ്രത്യേകമുറികളും കളിപ്പുരയും തയ്യാർ ചെയ്തിരിക്കുന്നു.

മാനേജർ.

# VIKATAKESARI

വാല്യം 1 | ആററിങ്ങൽ ജൂൺ, 1950 | ലക്കം 8


## കേസരിവീക്ഷണം

### സംശയങ്ങൾ

ഈയിടെ ഭാരതത്തിലെ തലസ്ഥാനനഗരത്തിൽനിന്നും പല വലിയ ആളുകളും തിരു:കൊച്ചിയിൽ വന്നും പോയുമിരിക്കുന്നതിൽ ഞങ്ങൾക്കു ചില സംശങ്ങളുണ്ടായിരിക്കുന്നു. തിരു: കൊച്ചിയുടെ ഭരണം മുഗീയട്ടരിപക്ഷക്കാരുടെ ഏകശാസനയ്ക്കു വിധേയമായി ദുഷിച്ചുനാറിയതിൽ കിടക്കപ്പൊറുതിയില്ലാതെ അന്വേഷണം നടത്താനാണോ, അതല്ല, തിരു:കൊച്ചിയിൽനിന്നും ബുദ്ധിമാന്മാരായ കാൺഗ്രസ്സുകാരെ കേന്ദ്ര മന്ത്രിസഭയിലേക്കു ക്ഷണിക്കാനാണോ ? മന്ദശങ്കരന്മാരേയും മഹാമണ്ഡലക്കാരേയും സ്വതന്ത്രകാൺഗ്രസ്സ ഗ്രൂപ്പുകളേയും മര്യാദ പഠിപ്പിക്കാനാണോ, സറണ്ടർസ്കൂളുകളെ തിരിച്ചു മനേജ്മെൻറിലേക്കു വിട്ടുകൊടുക്കാനാണോ, പട്ടംതാണുപിള്ള അമ്മാവനെ ശുദ്ധിചെയ്തു തിരിച്ചെടുക്കാനാണോ, പ്രതിപക്ഷപത്രങ്ങളെ ഉന്മൂലനാശം ചെയ്യാനാണോ, തമിഴനാട്ടു കാൺഗ്രസ്സിനെ ഡി. സി. സിയിൽ ചേക്കാനാണോ എന്തിനാണവരുടെ ആഗമനമെന്നു മനസ്സിലാകുന്നില്ല.

വി. പി. മേനോൻ വന്നതു ചീഫ്ജസ്റ്റീസിൻെറ നിയമനകാര്യത്തിൽ അനീതി ഒന്നുമില്ലന്നും, ശ്രീ കുഞ്ഞുരാമനും അദ്ദേഹവും തമ്മിൽ ബന്ധമൊന്നുമില്ലെന്നു പത്രപ്രതിനിധികളെ അറിയിക്കാൻ മാത്രമാണു പോലും—നാട്ടുരാജ്യവകുപ്പിലെ ഒരു സെക്രട്ടറി എന്ന നിലയ്ക്കു് പ്രസ്സ്കാൺഫറൻസു നടത്തിയതു ശരിയല്ലെന്നും, ഉദ്യോഗസ്ഥന്മാക്കു പ്രസ്സ്കാൺഫറൻസു നടത്താൻ പാടില്ലെന്നും ചില അസൂയക്കാർ പറയുന്നുണ്ടു്. നോക്കണേ അവരുടെ കുന്നായ്മ. പണ്ടു തിരു:കൊച്ചി സംയോജനത്തിനുവേണ്ടി ശ്രീ. മേനോൻ ഇവിടെ വന്നപ്പോൾ എത്ര കാൺഫറൻസാണു നടത്തിയിരുന്നതു്. അന്നു ആക്കും ഈ ബുദ്ധിതോന്നിയില്ല. നാളെ വി, പി. മേനോൻ ഒരു ഗവർണ്ണരോ മറേറാ ആയേക്കാനിടയുണ്ടു്. അദ്ദേഹത്തിൻെറ സ്വാബല്യം അത്ര വലുതാണു്. അന്നു റേഡിയോവഴിയായിരിക്കും കാൺഫറൻസുകൾ നടത്തുന്നതു്. അസൂയക്കാർ അങ്ങനെ ഇരുന്നു മുത്തുമുരടിക്കും. മേനോന്മാരെല്ലാം ജയിക്കും,

സർദാർ പട്ടേൽ സന്ദർശനം നടത്തിയതു്, കൊല്ലത്തെ മതമഹാസമ്മേളനത്തിൽ തടിച്ചു കൂടുന്ന ജനാവലിയെ കാണാനും, തക്കം കിട്ടുമെങ്കിൽ ആ ജനക്കൂട്ടത്തെ പിരിച്ചുവിടാനും മന്ദശങ്കരന്മാരെ മര്യാദക്കാരാക്കാനും, സ്വതന്ത്രകാൺഗ്രസ്സുകാരേയും പട്ടം താണുപിള്ളസാറിനേയും പേടിയാക്കാനും തിരു:കൊച്ചിയിൽ സ്റ്റീംറോളർ ഉരുട്ടാനുമായിരുന്നു പോലും. ഈയിടെ പുതിയതായി അഞ്ചാറു സ്റ്റീംറോളർ നമ്മുടെ ജനകീയക്കാർ വരുത്തിയിട്ടുണ്ടു്. P. W. D വർക്ക്ഷാപ്പ് എൻജിനീയർ, റോളർ ഓടിക്കാൻ പഴക്കവും പാകതയും വന്ന വിദേശികളെ ക്ഷണിച്ചിട്ടുണ്ടായിരുന്നതു ശരിയാണു്. പട്ടേൽ ഒരു അപേക്ഷകനായി തിരുവനന്തപുരത്തു എത്തുമെന്നു കേട്ടിരുന്നു. പഴയകാലത്തെ വലിയവരെ ഇന്നു ആരു വകവച്ചുകൊടുക്കാൻ. റോളർ ഓടിക്കാൻ വശമുള്ള ആയിരം യാതനക്കാർ നമ്മുടെ നാട്ടിലുള്ളപ്പോൾ, ഈ വയസ്സൻ വലിഞ്ഞിഴഞ്ഞു വന്നുകയറുമോ. പിന്നെ എന്തിനു വന്നു ? എന്തിനുതിരിച്ചുപോയി ?

നെഹ്റുവന്നതു് പോലീസുകാക്കു് സമ്മാനം കൊടുത്തു പറഞ്ഞയക്കാനാണെന്നു് ചില കമ്മ്യൂണിസ്റ്റുകൾ പറയുന്നു ജനക്കൂട്ടത്തെ മഴനനയിക്കാനാണെന്നു ചിലരോഗികൾ മുറുമുറുക്കുന്നു. തിരു:കൊച്ചി എന്ന പേരുമാററി “ടാവൻക്കൂർ സ്റ്റേററു്” എന്നു വിളിക്കാനാണെന്നു തിരുവിതാംക്കൂർകാർ പറയുന്നു. വഴിനീളെ അലഞ്ഞു നടക്കുന്ന തെണ്ടി

പ്പിള്ളകളെ എടുത്തു തോളിലിരുത്തി കളിപ്പിക്കാനാണെന്നും യാചകന്മാരും, തേക്കുതോപ്പ് പതിച്ചുകൊടുക്കാനാണെന്ന് യാത്രക്കാരും, കടൽപ്പുറം വിററു കാശടിക്കാനാണെന്ന് വ്യവസായികളും പറയുന്നു. ഇമിഗ്രേഷൻ ഖദർ മുണ്ടുകൾക്ക് ചെലവു വരുത്താനാണെന്ന് സി. നാരായണപിള്ളയുടെ ആൾക്കാർ പറയുന്നു. മുപ്പത്തിനാലുപെർസെന്റ് തെങ്ങിൻ തോപ്പ് ആജീവനാന്തമേ സന്തതിപ്രവേശമേ, അനുവദിച്ചുകൊടുക്കാനാണെന്ന് മിസ്സിസ് കാൺഗ്രസ് പ്രസിഡന്റ് അടുക്കളയിലിരുന്നു അയിഷയോടു പറയുന്നു പലതരം കിറുക്കുകളിൽ ഒന്നാണെന്ന് പട്ടം പറയുന്നു. എത്ര വയസ്സായാലും ഉദ്യോഗം ഭരിക്കാമെന്ന് വിളംബരം ചെയ്യുന്നതിനാണ് ഇതുവരെ പറന്നതെന്ന് വയസ്സറിഞ്ഞ് വെളിയിലായ വലിയ ഉദ്യോഗസ്ഥന്മാർ പറയുന്നു. പ്രതിപക്ഷപത്രങ്ങളെ അടിച്ചമർത്താനാണെന്ന് ശങ്കുണ്ണിപ്പിള്ളയും, ഡാക്ടർ ജാൺമത്തായിയെ പിരിച്ചയച്ചതിൽ ക്രൈസ്തവർ പ്രതിഷേധിക്കാതിരിക്കാൻവേണ്ടി പ്രസംഗം നടത്താനാണെന്ന് മാമ്മൻമാപ്പിളയും പറയുന്നു. ക്ഷയിച്ച കാൺഗ്രസ്സിനെ തഴപ്പിക്കാൻ മാത്രമാണെന്ന് പുതിയ ഖദർ ഉടുപ്പുകാർ പറയുന്നു. തൃശ്ശൂക്കാർ പെണ്ണുങ്ങളെ ഒന്നു പരിചയപ്പെടാനാണെന്ന് വലിയ മന്ത്രിയും വലിയ സിക്രട്ടറിയും റേഡിയോവിൽ പറയുന്നു. വെളിച്ചെണ്ണയും പഞ്ചസാരയും പള്ളിക്കൂടവും ഒരുമാതിരി സൗകര്യമുള്ളവയാണോ എന്നന്വേഷിന്നതിനും പൂരപ്പാട്ടു കൂടാതെ പുസ്തകകച്ചവടം നടത്തിയാൽ വല്ലതോതുമുണ്ടോ എന്ന് പരിശോധിക്കുന്നതിനുമാണെന്ന് ബഹു: പനമ്പള്ളി നിയമം ഉദ്ധരിച്ചു ഉൽഘോഷിക്കുന്നു. കള്ളച്ചെക്കുകൾ കുത്തകയെടുക്കാമോ എന്ന് ആരായാനാണെന്ന് ശ്രീ പിലിപ്പോസും മതഭ്രാന്തന്മാർക്കും കാൺഗ്രസ്സിനും ചില പരിപാടികളുണ്ടെന്നു കാണിക്കാനാണെന്നു ബഹുമാനപ്പെട്ട കുഞ്ഞുരാമനും പറയുന്നു. ഡാക്ടർ കൃഷ്ണപിള്ളയുടെ പുതിയ ടാക്കീകാറിന് അതിഥിമന്ദിരത്തിൽ സ്ഥാനം കൊടുക്കുന്നതിനാണെന്ന് ചില അസൂയക്കാർ പറയുന്നു. ആര് പറയുന്നതു വിശ്വസിക്കാം. അതൊരു വലിയ സംശയമാണ് ഒരിക്കലും തീരാത്ത സംശയം.

റെയിൽ മന്ത്രി സന്താനം വന്നതു് കന്യാകുമാരി കണ്ടാനന്ദിക്കുന്നതിനാണ്, നീയമമന്ത്രി ഡാക്ടർ അംബേദ്കർ വന്നതു് സൂർ ഔട്ട് വിദ്വാൻ ടി. എം. വർഗീസിനെ ഉപദേശിക്കാനാണ്. മന്ത്രിമാരുടെ കൊള്ളരുതായ്മകൾ പരസ്യപ്പെടുത്താനാണ്. പ്രതിപക്ഷക്കാരെ സപ്പോർട്ടു ചെയ്യാനാണ്. ഭൂരിപക്ഷത്തിനെ ഉപദേശിക്കാനാണ്. ധർമ്മബോധം പ്രചരിപ്പിക്കാനാണ്, ഇതൊന്നിനുമല്ല വേറെ ചില രഹസ്യങ്ങൾക്കാണെന്നു മററു ചിലർ. ആകപ്പാടെ സംശയം.

ഇവരൊക്കെ എന്തിനു പറന്നു വന്നു എന്തിനു പോയി ഇവരുടെ വരവുകൊണ്ട് പൊതു മുതലിൽ കുറവുണ്ടായിയെന്നല്ലാതെ സാധാരണക്കാരന് എന്തു പ്രയോജനമുണ്ടായി. ഇങ്ങനെ ആയിരം സംശയങ്ങൾ!

ഏതായാലും വന്നവർക്കൊക്കെ സ്വാഗതം; പോയവർക്കൊക്കെ കൃതജ്ഞത.

---


# ഭാസ്കർ ഹോട്ടൽ & ററീഷാപ്പ്

ട്രാൻസ്പോർട്ട് സ്റ്റാൻഡ്—കററച്ചക്കോണം, തിരുവനന്തപുരം.

യാത്രക്കാരെ ഉദ്ദേശിച്ച് സ്ഥാപിച്ചിരിക്കുന്നതും പ്രശസ്തമായ രീതിയിൽ നടത്തിവരുന്നതുമായ ഞങ്ങളുടെ സ്ഥാപനത്തിൽ രുചിയും, ശുചിയുമുള്ള ആഹാര പാനീയ പദാർത്ഥങ്ങൾ എപ്പോഴും തയാർ.

പ്രൊ. ഭാസ്കരപ്പണിക്കർ.

# കുത്തിയിരിപ്പുസത്യാഗ്രഹം

കൊല്ലത്തു വച്ചു കൂടിയ ഹിന്ദുമഹാമണ്ഡലത്തിന്റെ മുൻപിൽ മന്ദശങ്കരപ്രഭൃതികളുടെ മേൽനോട്ടത്തിൽ ലാത്തിധാരികളായ പോലീസുകാർ അഭ്യസിപ്പിച്ച ഒരു സത്യാഗ്രഹപ്രസ്ഥാനമാണു കുത്തിയിരുപ്പു സത്യാഗ്രഹം. അഞ്ചൂനിലപ്പന്തലിന്റെ മുൻഭാഗത്തെ ഗോപുരം പ്രൗഢതയും കുലീനതാഭാവും തുളുമ്പുന്ന ഒരു മഹാക്ഷേത്രം പോലെ ഇരുന്നു. അതിനു ചുററാകെ മുള്ളുവേലിയിട്ടു്, റോഡരുകിൽ മൂലയിൽ കഷ്ടിച്ചു് ഒരു പട്ടിണിക്കാരനു ഞെളിഞ്ഞുപിരിഞ്ഞു കടന്നുപോത്തക്കവണ്ണം ഒരു ഇടുക്കുവഴി സ്ഥാപിച്ചിരുന്നു. ഒന്നാംതരം മണിമന്ദിരത്തിന്റെ മുൻപിൽ ഒരു കീറിയ ചാക്കുകൊണ്ടു് വിരികെട്ടിയിരിക്കുന്ന ഒരു പതിവു് ഇന്നും ചിലർ നടത്തിപ്പോരുന്നുണ്ടു്. ആ ചടങ്ങിനോടു സകലവിധത്തിലും തുല്യതവഹിക്കുന്ന ഒരു പ്രവേശനദ്വാരമാണു് മഹാമണ്ഡലക്കാരുടെ ബുദ്ധി കൊല്ലത്തു മണ്ഡലപ്പന്തലിനു മുൻപിൽ പണികഴിപ്പിച്ചതു്.

അവിടെ ചെന്നെത്തുന്നതിനു റോഡിൽ ഒരു കുത്തിയിരുപ്പു സത്യാഗ്രഹം തന്നെ നടത്തേണ്ടിയിരുന്നു. ലാത്തിധാരന്മാർ തിങ്ങി ഞെരുങ്ങി കാവൽനില്ക്കുന്നതിനിടയിൽ ഇരുന്നു നിരങ്ങി ഇടുക്കു കയറി ജനങ്ങൾ ബുദ്ധിമുട്ടിയതു ആലോചിച്ചാൽ മന്ദബുദ്ധികൾ മനുഷ്യരെ മയരാക്കുകയല്ലേ ചെയ്തതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തലയിൽ ലാത്തിപ്രഹരമേൽക്കാതെ അകത്തു കടക്കുക സാധ്യമായിരുന്നില്ല. കാരണമൊന്നും കൂടാതെ ലത്തിച്ചാർജ്ജു ചെയ്യുക പോലീസിന്റെ ആവശ്യമാണല്ലോ. അതിൽ പരിഭവിക്കാനുമില്ല. എന്നാൽ അതിനിടവരുത്തിയ ഇടുക്കുവഴിയെ സൃഷ്ടിച്ച മന്ദശംകരന്മാരുടെ തലകളെ കാഴ്ചബംഗ്ലാവിൽ കണ്ണാടിക്കൂട്ടിൽ സൂക്ഷിക്കേണ്ടതാണു്.

ഇത്ര വിഷമമേറിയ ഒരു വഴിയിൽക്കൂടി അകത്തു കടന്നു നോക്കിയതിൽ അവിടെ മനുഷ്യമഹാസമുദ്രം അച്ചടക്കം പാലിക്കുന്നതു രസകരമായി തോന്നി. ആണും പെണ്ണും പന്തലിൽ അണിനിരന്നു ഇരിക്കുകയാണു്. അന്നത്തെ പരിപാടികളിൽ പ്രധാനപ്പെട്ടതു് ശ്രീ എൻ. എസ്. കൃഷ്ണന്റെ ബോറുകളായിരുന്നു. കലാബോധം തികഞ്ഞ കേരളീയനു് എൻ. എസ്. കൃഷ്ണന്റെ ബോറുകൾ യഥാർത്ഥമായി ബോറുകളായിതന്നെ തോന്നുമെന്നുള്ളതിനു ഉത്തമദൃഷ്ടാന്തമായിരുന്നു അന്നത്തെ പരിപാടി. ആകപ്പാടെ ഒരു പടം കാണിപ്പു നടത്തി പാവപ്പെട്ടവന്റെ പണം പിടുങ്ങാനുള്ള വിദ്യയല്ലേ മണ്ഡലക്കാർ എടുത്തിട്ടുള്ളതെന്നു മതമില്ലാത്ത ദേശീയക്കാർ ആലോചിക്കട്ടെ:

---

# കാഴ്ചവെയ്പു

## STOP PRESS

ഗ്രാംഫോൺമാസ്റ്റം

പണ്ഡിറ്റ് നെഹ്റു തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ അദ്ദേഹത്തിനു് പട്ടുവിരിച്ചു് മുത്തുക്കുടപിടിച്ചു് എതിരേററതായും അദ്ദേഹത്തിനു് ഏതാനും ഭാര്യമാരെ കാഴ്ചവച്ചതായും പത്രപ്രതിനിധികൾ പരസ്യപ്പെടുത്തി. ഭാര്യമാർ മാത്രമായതുകൊണ്ടു് അദ്ദേഹം കാഴ്ചവയ്പ്പു് നിരസിച്ചതായി ഭാര്യമാരില്ലാത്തവർ പറഞ്ഞു ചിരിച്ചു. അമ്മമാരായി അടുക്കളയിൽ കഴിയുന്ന തൈക്കിഴവികളെ അവരുടെ അന്തസ്സിനു് ചേർന്നപടി അകത്തിരുത്തേണ്ടതായിരുന്നു. ഭാര്യമാരില്ലാത്ത എത്രപേരെ വേണമെങ്കിലും അമ്മമാരാകാത്തവരെ, എന്തിനും തയാറുള്ളവരെ, ഭാര്യാരഹിതയായ പണ്ഡിതജിക്കു് കാഴ്ചവയ്ക്കാമായിരുന്നു. പോകട്ടെ പററിയ അമളി പുറത്തു പറയണ്ട. പതിനെട്ടു മാത്രംവരെ ആക്കും അനുവദനീയമാണല്ലോ.


മോഡേൺ കഫേ

സ്റ്റേററു് ട്രാൻസ്പോർട്ടാഫീസു്

കൊല്ലം.

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാന്തരം സ്ഥാപനം.

സന്ദർശിക്കുവിൻ! ആനന്ദിപ്പിൻ!!

# കുററിച്ചൂൽ പ്രതിഷേധം

— സൽകവി കുഞ്ഞങ്കരൻ —

മണിയാറിന്ന മുമ്പുതന്നെ, പ-
ട്ടണമൊക്കെ പരിശുദ്ധമാക്കുവാൻ
അണയുന്നൊരു മർത്ത്യർതൻകരെ
വിലസീടുന്നതു ഞങ്ങളല്ലയോ. 1

നരരാകെനടന്നിടുന്നൊരീ-
തെരുവീഥിലൊരുവൃത്തികേടുമേ
വരുവാനിടയായിടാതെ കാ-
ത്തിടുവോർ, ഞങ്ങടെക്കൂട്ടരല്ലയോ. 2

പശ്ശു, പട്ടികളിട്ട കാഷ്ഠവും
പുരമോദത്തൊടുമാററിനിത്യവും
സ്വയരക്ഷവെടിഞ്ഞു മർത്ത്യരെ
പരിരക്ഷിപ്പതു ഞങ്ങളല്ലയോ. 3

മലമൂത്രമിവററതൻമണം
ഗണിയാതെങ്ങുമെ വൃത്തിയാക്കിടാൻ
പണിചെയ്‌വൊരുതോട്ടികൾക്ക, -പിൻ
തുണയായുള്ളതു ഞങ്ങളല്ലയോ. 4

ഗണികാ ജനഗേഹമോ, ദിനം,-
പണിചെയ്യും തൊഴിലാളിഗേഹമോ,
മണിമേടയൊ, ദുർമ്മണംപെടാ-
തൊരുപോൽ കാപ്പതുഞങ്ങളല്ലയോ. 5

അഹ ; രോഗമതിന്നതിന്നതെ-
ന്നൊരുഭേദം കലരാതെപേടിയും
അകതാരതിലേശിടാതെരോ
ഗികളെ, കാപ്പതു ഞങ്ങളല്ലയോ. 6

മതഭേതമെഴാതെ മർത്ത്യർതൻ
പുരയും, മുററവുമൊക്കെനല്ലപോൽ
ദിവസംപ്രതിതൂത്തുവാരുവാ-
നുതകേണ്ടുന്നവർ ഞങ്ങളല്ലയോ 7

പടുവൃദ്ധകൾ, മുഗ്ദ്ധഹസ്തകൾ,
കുടിലത്വം കലരാത്തയോഷകൾ,
പടുവേശ്യകളെന്നിവർ, ഉണ-
ർന്നുടനേകാണ്മതുഞങ്ങളല്ലയോ. 8

തൊഴിൽശാലകൾ, മദ്യശാലകൾ,
പലമട്ടാൻഗൃഹങ്ങൾ' ക്ലബ്ബുകൾ
ഒരുപോൽ ശുചിയാക്കിവച്ചിടാൻ
തുണനില്ക്കുന്നതു ഞങ്ങളല്ലയോ. 9

കിടിൽ, കൊട്ടക, കോട്ട ഷാപ്പുതൊ-
ട്ടവശർ കൂട്ടമണഞ്ഞതിണ്ണയും,
വടിവോടിഹ വൃത്തിയാക്കുവാൻ
മടികൂടാത്തവർ ഞങ്ങളല്ലയോ. 10

മലർവാടിയിലും, മനോജ്ഞമാം-
മലർമുററത്തു മടിച്ചുതൂക്കുവോർ
മലമുള്ളൊരുപാട്ടതൂപ്പതും
നിലനോക്കാതിഹഞങ്ങളല്ലയോ. 11

പലതെററുകൾചെയ്ത ശിക്ഷകൾ
പലരുംവാങ്ങി പലേവിധത്തിലായ്
നിലവിട്ടൊരുമിച്ചുവാണിടും
ജയിലും തൂപ്പതുഞങ്ങളല്ലയോ. 12


## അംബികാവിലാസം റെസ്റ്റോറൻറ്

മീനാംബികാ തിയേററിന്നു സമീപം, ആററിങ്ങൽ.

ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ.

പ്രൊ: P. ശങ്കരൻ നായർ.

നിയമജ്ഞരിയന്ന കോർട്ടിലും,
നിയമം പാർത്തിടാപ്പ്ഹൌസിലും
നിയമമേനശ്രുപിതമാക്കിടാ-
നിയലേങ്ങുന്നവർ ഞങ്ങളല്ലയോ. 13

ലലനാമണി, കാതുകൾക്കൊരാ-
ഭരണം ചേർപ്പതു ഭംഗിയല്ലയോ ?
അതു്, ഞങ്ങടെ പേരിനാലറി-
ഞ്ഞിടുവോരാണു വിശാലമാനസർ. 14

ശരി, പേരതറിഞ്ഞിടേണ്ടയോ ?
പറയാം "ചൂലുകൾ" എന്നു ചൊല്ലിടും
അപരൻ വടിയുള്ള ചൂൽ മഹാൻ
തെരുവിൽ രാവിലെയെത്തിടുന്നവൻ 15

ജനസേവകരാണു ഞങ്ങളെ-
നാറിയാത്തോർ ഭുവനത്തിലുണ്ടുവോ ?
പരമാത്മമറിഞ്ഞിടാത്തവർ
പഴിചൊന്നാൽ പരിതാപമില്ലതിൽ 16

അരി, നെല്ലിവ, ബ്ലാക്കിൽ വിററുസോ-
ദരരേ, കൊന്നു കുഴിച്ചിട്ടുന്നോരെ.
ഒരു നാളുമെ "ചൂലിനൊപ്പ" മാ-
യുപമിച്ചിടൊല, നീതിയല്ലതു്. 17

തൊഴിൽ വഞ്ചനമാത്രമായൊരും
ഖദറാൽ മേനി മറച്ചദുഷ്ടരും
"പിഴയാളി" കളാണു, ഞങ്ങളോ-
ടുപമിച്ചാൽ പ്രതിഷേധമുണ്ടതിൽ. 18

ഒരുനേരുരചെയ്തിടട്ടെ,വ-
ഞ്ചകരെ, ചൂലുകൾ എന്നു ചൊല്ലുകിൽ
പ്രതിഷേധമിയന്നു, ചൂലുകൾ
പൊതുയോഗം വഴിനേരിടും ദൃഢം. 19

(പകർപ്പുകവാശം കണ്ടവക്കു്)


# പ്രത്യേക അറിയിപ്പ്

## പി. മാധവൻതമ്പി

വെങ്കലപാത്രവ്യാപാരം

ചാല—തിരുവനന്തപുരം.

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്കു് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടങ്ങിക്കൊണ്ടുവരാവുന്നതും ബില്ലുംപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം അതിൻെറ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

N. B. ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണു്. കൂടാതെ സ്റ്റെയിലൻസ്സ്സ്റ്റീൽ (എവർ സിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണു്.

* ഒരേവില *

പ്രൊപ്രൈറ്റർ പി. എം. തമ്പി.

# യമലോകത്തു കൊ. തി. മ. മാർ

## ഒരു ഏകാങ്കനാടകം

യമധർമ്മൻ—ആരവിടെ?

കാലകിങ്കരൻ—അടിയൻ.

യ: ധ—അവിടെന്താ ഒരുബഹളം കേൾക്കുന്നതു്?

കാ-കി—ഖദർ ധാരികളായ മാനവവംശദ്രോഹികളും, നമ്മളുടെ ശത്രുക്കളുമായ കാൺഗ്രസ് കരിങ്കാലികളെ മുഴുവൻ പിടിച്ചുകെട്ടികൊണ്ടുവന്നു ജയിലിലടക്കുകയാണു്.

യ. ധ—ശരി, ഓരോരുത്തരെ ഇവിടെ കൊണ്ടുവരട്ടെ. കൂടെ ചിത്രഗുപ്തനും.

കാ. കി—പട്ടത്തെ ഹാജരാക്കി.

സംഗീതം

യ. ധ—ഇവനെന്താ കുററം ചെയ്തു?

ചിത്രഗുപ്തൻ—നെറികെട്ട നേതാവിവൻ.

യ. ധ—പിടിയവനെയീ മുക്കാലിക്കു്, അടിയവനെ തെരിണ്ടിവാലാൽ.

കാ. കി—M. T. വറീസിനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

ചി. ഗു—ട്രാൻസ്പോർട്ടു ബസ്സ് കട്ടു.

യ. ധ—കെട്ടവനെ തല കീഴായി, കുത്തുവിൻ കണ്ണു രണ്ടും.

കാ. കി—സി കൊശവനെ ഹാജരാക്കി.

ചി. ഗു. കരിംകുടിയനു കൂട്ടുനിന്നു.

യ. ധ—മൂക്കിൽ കയർകെട്ടി, തൂക്കി, കുത്തുവിൻ കുന്തം കൊണ്ടു്.

കാ. കി—A ച്യുതനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

ചി. ഗു—പഞ്ചസാര ബ്ലാക്കിൽ തട്ടി.

യ. ധ—മുറി അവന്റെ നാക്കും മൂക്കും, തൊഴി അവന്റെ നാഭിക്കിട്ടു്.

കാ. കി—ജി, രാമചന്ദ്രോത്തിനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററംചെയ്തു?

ചി. ഗു—കള്ളനുകഞ്ഞിവച്ചു

യ. ധ—കണ്ണുകൾ കുത്തി വേഗം, പട്ടിക്കായിട്ടുപോട്ടെ!

കാ. കി—N. രാമൻകുഞ്ഞിനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററംചെയ്തു.

ചി. ഗു—ഭൂ-നികുതി വർദ്ധിപ്പിച്ചു.

യ. ധ—ആററിങ്ങൽ റോഡിൽ വച്ചു, ചട്ടുകം കാച്ചി വയ്ക്കിൻ.

കാ. കി—പനച്ചോളി ഗോവിന്ദനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു.

ചി. ഗു—സ്റ്റാമ്പുവില വർദ്ധിപ്പിച്ചു.

യ. ധ—വെട്ടുവിൻ കയ്യും കാലും, പട്ടിണിയ്ക്കിട്ടേയ്ക്കുവിൻ.

കാ. കി—C. കോരിയെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

ചി. ഗു—കൈക്കൂലി വാങ്ങിയ കള്ളൻ.

യ. ധ—തൊലിയുരിഞ്ഞിട്ടു വേഗം, വഴി നീളെകൊണ്ടുപോകിൻ.

കാ. കി—A. J. ജോണിനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

ചി. ഗു—വേലക്കാരെത്തല്ലിച്ചു.

യ. ധ—ശരി ഇവനെ തല്ലിനിത്യം, പട്ടിണിക്കിട്ടു കൊല്ലിൻ.

കാ. കി—മാ. കെ. ഈശ്വരനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററംചെയ്തു?

ചി. ഗു—പല....മലസിപ്പിച്ചു


വിസ്മയാവഹമായ കലാചാതുരിയിൽ
വിരിഞ്ഞുനില്ക്കുന്ന മൂന്നു മലരുകൾ,

മാധുരി-by ആർ നാരായണപ്പണിക്കർ B. A.L.T.
വില 1—0—0

ഉലികാചിത്രങ്ങൾ—by ഭഗീരഥചന്ദ്രനാഥടാഗോർ
വില 1—0—0

നിറകുടങ്ങൾ—by മാധവൻ വക്കീൽ, ആററിങ്ങൽ
1—8—0

കെ. വി. പ്രസ്സ് ബുക്കുഡിപ്പോ
ആററിങ്ങൽ.

യ. ധ—ഉരിയവൻടെ കോട്ടും ഷർട്ടും. സൂപിക്ക കത്തി ക്കൊല്ലിൻ.

കാ. കി—E J. P. പോസിനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

പി. ഗു—കുലിവെട്ടിക്കുറച്ചു.

യ. ധ—ഇടിയവൻടെ കീഴ്വയററിൽ, മുറിയവൻടെ വിരലെല്ലാവും.

കാ. കി—അബ്ദിബുള്ളയെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

പി. ഗു—മന്ത്രിതൊഴത്തിൽ കത്തി.

യ. ധ—മരമൊന്നിൽ ചേർത്തു കരതാരിലാണിവെയ്പിൻ.

കാ. കി—ഉണ്ണിക്കണ്ടൻ വാര്യരെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

പി. ഗു—ഏലത്തല ചുട്ടതിന്നു.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
A.S.S
പാലസ്റോഡ്, ആലപ്പുഴ

യ. ധ—തലവെട്ടി ചുട്ടെരിക്കിൻ, കുടലെല്ലാം പട്ടിക്കേകിൻ.

കാ. കി—K. D. നാരായണപിള്ളയെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

പി. ഗു—പല പല ചാർജ്ജുകളുണ്ടിവനിൽ.

യ. ധ—ശരിയെന്നാൽ വേഗം തന്നെ, ചെവി ചെത്തി മാററി നിർത്തിൻ.

ഇവനെ നാം ശരിയായിട്ടു വിസ്തരിക്കേണം ഗുപ്താ!

കാ. കി—ആനാമുക്കിയെ ഹാജരാക്കി.

യ. ധ—ഇവളെന്താ കുററം ചെയ്തു?

പി. ഗു—ജാതിക്കുശുമ്പു കാട്ടി.

യ. ധ—അറിയിവളെ, ഇഞ്ചിഞ്ചായി, മീനിനിരയേകിക്കൊൾവിൻ.

കാ. കി—അയ്പ്പുവിനെ ഹാജരാക്കി.

യ. ധ—ഇവനെന്താ കുററം ചെയ്തു?

പി. ഗു—ഇവനീശഭക്തിയില്ല.

യ. ധ—അതുകൊള്ളാമിവനെ വേഗം കൊച്ചിയിലെത്തിക്കുവിൻ,

—

പ്രിമിയർ ഹോട്ടൽ & റെസ്റ്റാറൻറ്

ശ്രീനാരായണകാളേജിനു സമീപം,

കൊല്ലം.

ശുചിയായും, രുചിയായും തയ്യാറാക്കപ്പെടുന്ന ആഹാരപാനീയപദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണു്.

പ്രൊ: കെ. ബാലകൃഷ്ണപിള്ള.

# പ്രിയപ്പെട്ട സോദരികളെ! ഇതു വായിക്കു!!

മൈറൻ

ഞാനൊരു നഴ്സോ ഡാക്ടരോ ഉണ്ടയില്ലാത്ത വെടിയോ ഉണ്ടാൽ നിറയ്ക്കുന്നവളോ അല്ല; പിന്നെയോ നിങ്ങളെപ്പോലെയുള്ള ഒരു വെറും ഷഷ്ടിപൂർത്തി കഴിഞ്ഞ കൊച്ചുപെണ്ണുമാത്രമാണു്. ഞാനും എന്റെ ഭർത്താവുമായുള്ള വിവാഹയടിയന്തിരം കഴിഞ്ഞു് ഒരു വർഷവും നാലുമാസവുമായപ്പോഴേ ഭാഗ്യവശാൽ ഞാൻ ഭയങ്കരമായ കണ്ണുകടി രോഗത്തിനു വിധേയയായി. അന്നുമുതൽ ആരെങ്കിലും നല്ല സില്ക്കുസാരിയുടുക്കുകയോ നല്ല ഡിസൈനിലുള്ള മാലയിടുകയോ ചെയ്താൽ ഉടനേ എനിക്കു് വാഴയ്ക്കു കുറുനാമ്പുപോലെ ഉള്ളിൽ ഒരു കിറുകിറുപ്പു രോഗം തുടങ്ങുകയായി. അസൂയകൊണ്ടു് അനവധി പെണ്ണുങ്ങളെ ഞാൻ കുഴിയിൽ ചാടിച്ചു. അവരുടെ ഭർത്താക്കന്മാരെ മുണ്ടു കഴുകാനും പേൻ കൊല്ലാനും സ്ഥിരംചാവണത്തിൽ നിയമിച്ചു. നുണ പറഞ്ഞു് പല ദാമ്പത്യങ്ങളും നിത്യനരകങ്ങളാക്കി. കണ്ടാൽ കൊള്ളാവുന്ന പെണ്ണുങ്ങളെ കാക്കക്കുറത്തികളും കാൽകാശിനു വകയില്ലാത്തവരുമെന്നു പറഞ്ഞു് ആക്ഷേപിച്ചു. പഠിപ്പുള്ള പരിഷ്ക്കാരക്കത്തങ്ങളെ പിരിവെട്ടലുള്ള തെക്കിളവികളെന്നു പറഞ്ഞു് പരിഹസിച്ചു. എന്തിനു് എന്റെ കണ്ണുകടി രോഗം ചെയ്യാത്ത ഉപദ്രവങ്ങളില്ല.

ക്രമേണ എന്നെ എല്ലാവരും വിഷപ്പാമ്പുപോലെ—ചൊറിയുന്ന ചേമ്പുപോലെ—ചൊറിയിണത്തിന്റെ നാമ്പുപോലെ വെറുത്തു തുടങ്ങി. ശരിയായ കാഴ്ചയില്ലായ്മ, നല്ല യുവാക്കന്മാരേയും യുവതികളേയും കാണുമ്പോൾ നെഞ്ചിലും തലയിലും ഭയങ്കരമായ വേദന എന്നിവ എനിക്കനുഭവപ്പെട്ടു. വെള്ളച്ചാരായം ഞാനുപയോഗിച്ചുനോക്കി. ഫലമില്ല, അസമയത്തു വെളിയിൽ പോകുകകൊണ്ടു് ഞാൻ അനുദിനം ക്ഷീണിച്ചു ക്ഷീണിച്ചു പിടിയാനയേപ്പോലെയായിത്തീന്നു. എന്റെ 'ഭർത്താവു ജോലിയിലിരിക്കുന്ന ദേഹം (ജീവനില്ലാത്ത ശവമാണോ അയാൾ?) അനേക സഹസ്രം കള്ളനോട്ടുകൾ മരുന്നിനും കത്തിവെയ്പുകൾക്കുമായി ചെലവാക്കുകയും എന്റെ കണ്ണിൽ വെള്ളെഴുത്തു കണ്ണാടി മുതൽ മുഖംനോക്കുന്ന കണ്ണാടിവരെയുള്ള കണ്ണാടിയായ കണ്ണാടിയെല്ലാം വെച്ചു നോക്കുകയും ചെയ്തെങ്കിലും എന്റെ കണ്ണുകടിരോഗം മാറിക്കിട്ടിയില്ലെന്നു മാത്രമല്ല, അനുദിനം പാവങ്ങൾക്കു കൊച്ചുങ്ങൾ പെരുകുന്നതുപോലെ കൂടിക്കൂടി വരികയുമാണുണ്ടായതു്.

രണ്ടു വർഷത്തേക്കു് ഈ വേദന ഞാൻ സഹിച്ചു. ഭാഗ്യവശാൽ ഒരു സന്യാസി മഹാത്മാവു്—എന്നുവച്ചാൽ ദിവ്യത്വത്തിൽ കുളിയ്ക്കുകയും മുണ്ടു കഴുകുകയും ചെയ്യുന്ന ഒരു ഭയങ്കര മഹാത്മാവു് ധർമ്മമിരന്നുകൊണ്ടു് ഞങ്ങളുടെ ഗൃഹത്തിൽ ആഗതനായി. പെട്ടെന്നു് എന്റെ മുഖത്തുനോക്കി അദ്ദേഹം ഞെട്ടിയിട്ടു് ഒരടി പുറകോട്ടു മാറി. എന്റെ മുഖം വിളറി കരിക്കട്ടപോലിരിക്കുന്നതുകണ്ടു് എന്നിൽ അലിവുതോന്നി ആ ദിവ്യമാമുനി ചോദിച്ചു. "എന്റെ പുത്രീ! നിനക്കെന്തു ഭവിച്ചു" (പുത്രീ എന്ന വിളികേട്ടു് ഭർത്താവു് മിസ്സിസ്സിന്റെ അമ്മയുടെ ചാരിത്രത്തെപ്പററി സംശയിച്ചില്ലേ?) മഹാത്മാവു തുടർന്നു. "ഈ ഇളംപ്രായത്തിൽ നിന്റെ മുഖം വിളറിയിരിയ്ക്കുന്നതിന്റെ കാരണമെന്താണെന്നു് എന്റെ പൊന്നുമകൾ എന്നോടു പറയുകില്ലേ? നാണിയ്ക്കേണ്ടാ. ഞാൻ എത്ര പേരുടെ നാണക്കേടു മാററിയിരിക്കുന്നു. എന്തുതന്നെയായാലും മഹാത്മാവായ എന്നോടു തുറന്നു പറയുക".

ഞാൻ എന്റെ ഭർത്താവിനോടു് അടുത്ത മുറിയിൽ പോയിരിയ്ക്കാൻ പറഞ്ഞു. സന്യാസി എന്നെ പരിശോധിച്ചു. എനിട്ടു് സന്യാസിയോടു് ഉള്ള കാര്യങ്ങൾ ഒന്നൊഴിയാതെ വിസ്തരിച്ചു് ചുരുക്കത്തിൽ പറഞ്ഞു കേൾപ്പിച്ചു. അങ്ങനെ ഞാൻ എന്റെ അനുഭവം വിവരിച്ചു. എല്ലാം മൂളിക്കേട്ടിട്ടു് ആ ദിവ്യൻ എന്റെ നിറുകയിൽ തൊട്ടനുഗ്രഹിച്ചു ഒരു പൊടി ജപിച്ചു് എനിയ്ക്കുതന്നു. പിന്നീടു് അത്ഭുതകരമായ ഒരു പച്ചമരുന്നിന്റെ പേരും പറഞ്ഞിട്ടു് ഭിക്ഷപോലും വാങ്ങിയ്ക്കാതെ അദ്ദേഹം മറഞ്ഞു. ഞാൻ ആ പച്ചില ഇടിച്ചു പിഴിഞ്ഞു് പതിനഞ്ചു നേരം (മാസത്തിൽ ഒരു നേരം വീതം) അത്താഴപ്പത്ഥ്യമായി സേവിച്ചു. എന്തൊരു മറിമായം. ഞാൻ കണ്ണുകടി രോഗത്തിൽ നിന്നും പൂർണ്ണവിമുക്തയായി ഈ മരുന്നു് എന്റെ അനേകലക്ഷം സഹോദരികൾക്കും (മിസ്സിസ്സിനു് ഇത്ര മാത്രം സഹോദരികളോ?) ഞാൻ നിർദ്ദേശിച്ചതിൽ അത്ഭുതകരമായ ഫലം കണ്ടു. ഈശ്വരൻ എനിയ്ക്കാവശ്യമുള്ളതെല്ലാം (നല്ല ഒരു ഭർത്താവൊഴികെ) തന്നിട്ടുള്ളതിനാൽ ലാഭമൊന്നും കൂടാതെ ചെലവുള്ള സംഖ്യയ്ക്കു് ഞാൻ ഈ മരുന്നു വിതരണം ചെയ്യുകയാണു്.

# വിശ്വരൂപദർശനം

—കരടകൻ—

ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്രു തിരുവനന്തപുരത്തു വന്നപ്പോൾ അദ്ദേഹത്തിനു പല മെമ്മോറാണ്ഡങ്ങളും സമർപ്പിക്കുകയുണ്ടായി. അതിലെ പരാതികളിൽ ഏററവും ക്രൂരം വിദ്യാഭ്യാസ ധുരന്ധരനും, വെളിച്ചെണ്ണ വിദഗ്ദ്ധനും, മററും മററുമായ ധീരശ്രീ പനമ്പിള്ളി ഗോവിന്ദമേനോനെപ്പററിയായിരുന്നതിനാൽ ഒരു ചൂരൽവടിയുമായി പണ്ഡിററ് ജി ക്ലിഫ്ഹൗസിൽ എത്തി. അപ്പോൾ അവിടെ കൊല്ലം ബിഷപ്പ് ജെറോം ഫെർണാണ്ടസ്സും, പഞ്ചസാരക്കാരൻ താണുമാലയനും, ടെക്സ്റ്റു്ബുക്കു വിദഗ്ദ്ധൻ സി. നാരായണപിള്ളയും, തടിക്കൺട്രാക്റ്റർ കുഞ്ചാക്കോയും ഒക്കെയായി ഒരു റൗണ്ടു ടേബിൾ കാൺഫറൻസു നടന്നുകൊണ്ടിരിക്കയായിരുന്നു. ചൊവ്വര പരമേശ്വരൻ രണ്ടാം മുണ്ടില്ലാതെ എവിടെനിന്നോ ഓടിയിരച്ചു വന്നു പണ്ഡിററ്ജിയുടെ ആഗമന വൃത്താന്തം അറിയിച്ചു. ബിഷപ്പും കുഞ്ചാക്കോയും അടുത്തു നിന്ന മാവിൽ പൊത്തിപ്പിടിച്ചു കേറി. താണുമാലയൻ ചവറുനിറച്ചിരുന്ന വീപ്പയിൽ കേറി ഒളിച്ചു. സി. നാരായണപിള്ളയ്ക്കു കാര്യം മനസ്സിലായില്ല. മിണ്ടരുത് എന്നു ആംഗ്യം കാണിച്ചുകൊണ്ടു ചൊവ്വര പരമേശ്വരൻ ആഘണ്ഡാകർണ്ണനെയും പിടിച്ചുവലിച്ചുകൊണ്ടു വാഴത്തോപ്പിലേയ്ക്കോടി. അപ്പോഴേയ്ക്കും കോപംകൊണ്ടു ആലിലപോലെ വിറയ്ക്കുന്ന പണ്ഡിററ് ജിയും അവിടെ എത്തിക്കഴിഞ്ഞു. പനമ്പിള്ളിയെ പിടിച്ചു തൂണിൽ കെട്ടാൻ അദ്ദേഹം ആജ്ഞാപിച്ചു.

അനന്തരം ചൂരൽവടിയുമായി പണ്ഡിററ്ജി പനമ്പിള്ളിയോടടുത്തു. "വെളിച്ചെണ്ണ മരവിപ്പിച്ചു വെണ്ണയാക്കി ഉരുട്ടി ഉറിയിൽ വച്ചിരുന്നിട്ടു നീ അതു മോഷ്ടിച്ചു തിന്നോ? ടെണ്ടർ വിളിക്കാതെ തടിവിററോ? പഞ്ചസാരക്കച്ചവടത്തിലും ടെക്സ്ററുബുക്കുവ്യാപാരത്തിലും എത്രലക്ഷം അടിച്ചു? ഇങ്ങിനെ മണ്ണുതിന്നാൽ അതു ദഹിക്കുമോ?" എന്നുള്ള ചോദ്യങ്ങൾ ശരവർഷമായി ചൊരിഞ്ഞുകൊണ്ടു പണ്ഡിററ്ജി തൂണിൽ കിടന്നു പുളയുന്ന ഗോവിന്ദനോടടുത്തു. "ഞാൻ മണ്ണുതിന്നിട്ടില്ല" എന്നു കണ്ണുനീർവാർത്തുകൊണ്ടു ഗോവിന്ദൻ പറഞ്ഞു. "എന്നാൽ വാതുറക്കൂ" എന്നായി പണ്ഡിററ്ജി. അതു കേട്ടു ഗോവിന്ദൻ വാ വലിച്ചു തുറന്നു. ആ തുറന്ന വായിൽക്കൂടി നോക്കിയപ്പോൾ, എന്തൊരത്ഭുതം! വെളിച്ചെണ്ണയും, തടിയും, ടെക്സ്ററുബുക്കും, പഞ്ചസാരയും ഉൾപ്പെടെ ഇക്കണ്ട സകല ചരാചരങ്ങളും, കുന്നുകുഴിയിലെ പഞ്ച

---


എൻെറ സഹോദരികളിലാരെങ്കിലും കണ്ണുകടി, വയറുകടി, സർവ്വത്രകടി തുടങ്ങിയ രോഗങ്ങളാൽ വിഷമിക്കുന്നുണ്ടെങ്കിൽ തൽക്ഷണംതന്നെ ഒരു നിമിഷം പോലും കളയാതെ എനിയ്ക്കെഴുതുക. ഞാൻ എൻെറ ഈ സ്വന്തം കൈകൊണ്ടുതന്നെ—എന്നുവെച്ചാൽ എൻെറ ഭർത്താവിനെക്കൊണ്ടുപോലും തൊടീയ്ക്കാതെ എന്നർത്ഥം—ഈ മരുന്നുണ്ടാക്കി അസ്സൽ വിലയായ 2 രൂപാ 13 ണ. 9 നയ്ക്കു് വി. പി. യായി അയച്ചുതരാം. തപാൽക്കൂലി പുറമേ. പാക്കിംഗ് സൗജന്യം.

കിട്ടും—പുരുഷന്മാർ ഈ ദിവ്യൗഷധമുപയോഗിയ്ക്കുന്നതിനെ കർശനമായി നിരോധിച്ചിരിക്കുന്നു.

വിവാഹം ചെയ്തിട്ടില്ലാത്ത സ്ത്രീകൾക്കു് ഈ മരുന്നു് അയച്ചുകൊടുക്കുന്നതല്ല. വിവാഹം ചെയ്തു എന്നുള്ളതിനു് തെളിവായി കരപ്രമാണിയുടേയോ മാസപ്പടിയുടേയോ ഒരു സർട്ടിഫിക്കററുകൂടി അപേക്ഷയോടൊന്നിച്ചയക്കേണ്ടതാണു്.

അതിപ്രധാനമായ അറിയിപ്പു്—ഇതുണ്ടാക്കാൻ മാത്രമേ എനിയ്ക്കറിയാവൂ. മറെറാരു കാര്യത്തിനും എനിയ്ക്കെഴുതരുതു്.

മിസ്സിസ്സ് സൈറൺ
പ്രശാന്തനഗർ പോസ്റ്റ്ബോക്സ് 1950
കിടങ്ങാമ്പറമ്പുമൈതാനം.

# ★ പാണ്ഡവദൗത്യം ★

—വി. വി. പാണ്ടനാടൻ—

(മറിപ്പൻതുള്ളൽ)

പണ്ടേതന്നേ സേവാനിരതൻ
"പാണ്ഡവ"മൊരുനാൾ കണ്ടതയെന്യേ
ടീ. കെ. തന്നുടെ നികടമണഞ്ഞാൻ
ഢീക്കായൊന്നു നമസ്കൃതിചെയ്യാൻ.
കുമ്പളദൂതം ദൃഷ്ടിപാടീകെ
കുമ്പയിലാണ്ടൊരു കമ്പമൊതുക്കി,
അമ്പൊടുനിജനികടത്തിലിരുത്തി
വമ്പുനടിച്ചു കഥിച്ചുതുടങ്ങി.
"സ്വാഗതമാഗത! താവകഗമനം
ഭവനം മമ ബഹുധന്യമതാക്കി.
കുമ്പളയോഗിയകമ്പിതനായി—
ട്ടമ്പിൽ പൂജനടത്തുന്നില്ലേ?
അപിച, ദിനംപ്രതി പൂജകൾചെയ്‌വാൻ
"ജി. പി."പൂക്കൾ പറിക്കുന്നില്ലേ?
ഏവംകേട്ടഥ കുമ്പളദൂതൻ
ഭാവംതെല്ലു പകർന്നു പറഞ്ഞാൻ
"പട്ടത്തെ പടുവൃദ്ധൻതന്നെ
മലർത്തിയടിച്ചൊരു "പല്ലനഗാമാ"
"ഭസ്മ"മെടുത്തഥതാണ്ഡവമാടിയോ-
രസ്സൽനാഥൻ "പല്ലനശംഭു"
മന്ത്രികൾതൻ സഭമാററിമറിച്ചനി-
യന്ത്രണവീരൻ "പല്ലനബ്രഹ്മൻ"
കല്പിച്ചെന്നെയയച്ചാനേവം
കെൽപുപെരുത്ത മഹാബലശാലി:-
"ദേവസ്വത്തെ നിയന്ത്രിച്ചീടും
ബോർഡുതകത്താസ്ഥാനം തന്നിൽ
മമഹിതമൊത്തവരെ നിയമിച്ചാ-
ലമളിയശേഷവുമുണ്ടാകില്ല.
ആയതിനല്ലമമാന്തിച്ചാകി-
ലതീവം ദോഷമനന്തരമുണ്ടാം.
മന്ത്രികൾതൻ സഭ ലീഡർസഹിതം
മാന്തിയെടുത്തു ഞെരിച്ചുതകർത്തു
കരിച്ചു പൊടിച്ചു കുഴച്ചുതൊടാനാ"
"ജീപീ"തൊട്ടൊരു ഭക്തർക്കും."
വാചകമേവം ഗ്രഹിച്ചു—ടീകെ
മന്ത്രിയുമൊന്നു പകച്ചു.
വാചാലകതാങ്കുറഞ്ഞു-കണ്ണിൽ
ബാഷ്പവും വന്നുനിറഞ്ഞു.
മാദമുയർന്നങ്ങടഞ്ഞു—നിജ
ഭാവങ്ങളെല്ലാം മറഞ്ഞു.
കുമ്പളശക്തിയറിഞ്ഞു-ശിശ്ശു
കേഴും സ്വരത്തിൽ പറഞ്ഞു.
പല്ലനയെ പരിപാവനമാക്കു-
ന്നെല്ലുധരൻ തൻ പാദസരോജേ
താണു നമസ്കൃതിചെയ്യു,ന്നൊന്നും
താണുനടിച്ചു ജയംപ്രാപിച്ചോൻ
സ്വാമികൾ തൻ തിരുവുള്ളമതെന്നാ-
ണാമയമെന്യേ സാധിക്കാത്തു?
ഇച്ഛയെല്ലാത്തതുപോലിഹചെയ്‌വാ—
നച്ചായൻ തന്നനുമതികിട്ടും.
പാണ്ഡവ! സമയം പാർത്തിഹ സ്വാമിയെ—
ശൗണ്ഡനുദയ ടങ്ങേറിയിക്കേണേ!

---

സാര മാതാവും കെ. ജി. മേനവനും താണുമാലയനും, ദാമോദരനും നമ്പ്യാരും കൊച്ചീരാജാവും അഞ്ചരലക്ഷവും, ചൊവ്വര പരമേശ്വരനും ചിത്രയുഗം മേനോനും സീ. നാരായണപിള്ളയും, കൊല്ലം ബിഷപ്പും കാളേജും പള്ളത്തുരാമനും, ഇക്കണ്ടവാഴ്ത്തും ഭക്ഷ്യോല്പാദന പദ്ധതികളും "ഇതാണവസരം" എന്നു ചുണ്ടുപലകയും, ന്യൂഡെൽഹിയും, ചൂരൽവടിയുമായിനില്ലുന്ന പണ്ഡിററ് നെഹ്റുവും പട്ടേലും ഒക്കെ അവിടെ കാണുമാറായി. അത്ഭുതമത്ഭുതമത്ഭുതമേ എന്നു പറഞ്ഞുകൊണ്ടു വാപൂട്ടുവാൻ പണ്ഡിററ്ജി ഗോവിന്ദനോടപേക്ഷിച്ചു. നീമായാമനുഷൻതന്നെ എന്നു പറഞ്ഞു പണ്ഡിററ്ജി ഗോവിന്ദനെ മടിയിൽവച്ചു ആ നുണക്കുഴിയിലും, നിറുകയിലും ആയിരം പ്രാവശ്യം ഉമ്മവച്ച് ആശ്ലേഷിച്ചു.

—

# 'ഭംകി' രാമകൃഷ്ണപിള്ള

## തിരുവനന്തപുരം

കാർപ്പറേഷനിൽ തോട്ടികളെക്കൊണ്ടു പണിമുടക്കുനടത്തിച്ചു പണമുണ്ടാക്കി ജീവിക്കുന്ന ഒരു ദേശീയക്കാരനാണ് ശ്രീ. തോട്ടി രാമകൃഷ്ണപിള്ള: കക്കൂസുകഴുകാനും റോഡുതൂക്കാനും ജോലിക്കാരെ സമ്മതിക്കാതെ കൃത്രിമവും കുസൃതിത്തരങ്ങളുമുണ്ടാക്കി നഗരശുചീകരണത്തിനു വിഘാതമായിനില്ക്കുന്ന ഈ മാന്യൻ ഈയിടെയായി മററു മുനിസിപ്പാലിററികളിലും കുഴപ്പമുണ്ടാക്കാൻ തുനിഞ്ഞിരിക്കുകയാണ്. പണ്ടത്തെ തയ്യലുദ്യോഗത്തിൽ വലിയ പ്രതിഫലം കിട്ടാതെ, യാതനക്കാരുടെ ഇടയിൽ സ്ഥാനവും സ്ഥലവും കിട്ടാതെ നശീകരണപ്രസ്ഥാനം ആദർശമാക്കിനടക്കുന്ന ഇത്തരക്കാരെ അവരുടെതോന്ന്യാസങ്ങളുമായി അഴിച്ചുവിട്ടിരിക്കുന്നതിൽ നമ്മുടെ ജനകീയ സർക്കാർ മററുപല കാര്യങ്ങളിലെന്നപോലെ തികച്ചും അനുമോദനാർഹരാണ്.

ആററങ്ങൽ മുനിസിപ്പാലിററി, ആരോടും ആലോചിക്കാതെ കരവും വരവും കൂട്ടിയിട്ടും, തോട്ടിതൊഴിലാളികൾക്കു ശമ്പളം കൂട്ടിയിട്ടില്ല. കരം കൂട്ടിയതിൽ നഗരവാസികൾ ശബ്ദമുയർത്തിയതക്കം നോക്കി ശ്രീ. രാമകൃഷ്ണപിള്ള തോട്ടികളെ ഇളക്കി പണിമുടക്കു നടത്തി. മുനിസിപ്പൽ കമ്മീഷണരുടെ പ്രവൃത്തി നാട്ടുകാർക്കും തോട്ടികൾക്കും ഒരുപോലെ പ്രതിഷേധാർഹമായെങ്കിലും രണ്ടുകൂട്ടർക്കും ബുദ്ധിമുട്ടുണ്ടാക്കി. പുത്തൻ ചന്തക്കാരനായ കമ്മീഷണരും പുളിമൂട്ടുകാരനായ തോട്ടിനേതാവും തമ്മിൽ പൂർവ്വവൈരം വല്ലതും കണ്ടേക്കാം. അതിനു കഷ്ടത അനുഭവിക്കേണ്ടവർ ആററങ്ങൽ പട്ടണത്തിലുള്ളവരാണ്. ഉടൻ തന്നെ പുത്തൻചന്തക്കാരനെ പുളിമൂട്ടിലേക്കും, പുളിമൂട്ടുകാരനെ പുത്തൻ ചന്തപോലീസ് സ്റ്റേഷനിലേക്കും മാററിക്കേണ്ടതാണ്. അല്ലെങ്കിൽ പട്ടണവാസികൾ പരുങ്ങലിലാകും, തോട്ടികൾ പട്ടിണിയാവും.

ശ്രീ: തോട്ടിനേതാവേ; പാവപ്പെട്ടതൊഴിലാളികളെ ചൂഷണം ചെയ്തു ജീവിച്ചാൽ എത്രനാൾ ജീവിക്കാം. നല്ലശരീരമുണ്ടല്ലോ. വല്ലതും വേലയെടുത്തു വയറുപിഴക്കരുതോ.

തോട്ടിതൊഴിലാളി സഖാക്കളെ, വല്ലവരും പറയുന്നതുകേട്ടു "ഇങ്കിലാ" വിളിച്ചും കൈപൊക്കിയും നടക്കാതെ, അഭിമാനകരമായ തൊഴിലുനോക്കി ജീവിക്കുവിൻ "ഇങ്കിലാ" വിളിച്ചാൽ തൊണ്ടതുറക്കുന്നതും വയറൊട്ടുന്നതുമാണെമിച്ചം.

# ത്രിമൂർത്തികൾ

ആററങ്ങൽ ഇംഗ്ലീഷുഹൈസ്കൂളിൽ 1125 ൽ മൂന്നു ഹെഡ്മാസ്റ്റരന്മാരുണ്ട്. മൂന്നുപേർക്കും ക്ലാസ്സില്ല. മേൽനോട്ടം മാത്രം. മററു ചില സ്കൂളുകളിൽ അതേസമയം ഒരു ഹെഡ്മാസ്റ്റർ പോലുമില്ല. ത്രിമൂർത്തികളുംകൂടി കാര്യവിചാരം നടത്തിയിട്ടും കാര്യക്ഷമതയുണ്ടോ എന്നു അന്വേഷിക്കേണ്ടതാണ്. പഠിപ്പിക്കാൻ അദ്ധ്യാപകനില്ലാത്ത ക്ലാസ്സുകൾ ആററങ്ങൽ ഇംഗ്ലീഷുസ്കൂളിൽ എത്രയെണ്ണമുണ്ടെന്നു ആരെങ്കിലുമൊന്ന് അന്വേഷിക്കുമോ, രണ്ടു ഹെഡ്മാസ്റ്റരെ ഇവിടെ നിന്നും പറഞ്ഞയച്ചിട്ടു പഠിപ്പിക്കാൻ ശേഷിയുള്ള രണ്ടു വാദ്ധ്യാന്മാരെ നിയമിക്കുമോ.

---

**ബേബിസ്റ്റോർ,**

**ഉള്ളൂർ.**

ഇവിടെ പലചരക്ക്, ഇരുമ്പുസാമാനങ്ങൾ, ശീമ ഉരുക്കൾ, സ്റ്റേഷനറി, തേയില. മുതലായ സാധനങ്ങൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. കച്ചവടക്കാർക്ക് പ്രത്യേകനിരക്ക്—

മാനേജർ.

# ഉന്നത വിദ്യാഭ്യാസത്തിനുള്ള

## സൌകര്യങ്ങൾ

1. ഇംഗ്ലീഷ് അക്ഷരം പോലും വശമില്ലാത്ത ഒരാൾക്ക് ഒരേ ഒരുകൊല്ലത്തിനകം നാലാം ഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം സമ്പാദിക്കാം.

2. അടുത്ത ഒരു കൊല്ലത്തിനകം മദ്രാസ് 'മെട്രിക്കുലേഷന്' ആവശ്യമുള്ളതിൽ നാലു വിഷയങ്ങൾ കൂടി പഠിക്കാം.

3. മൂന്നാം കൊല്ലത്തിൽ മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം ഈ പരീക്ഷ ജയിച്ചാൽ കാളേജിൽ ഇൻറർമിഡ്യേററു ക്ലാസിൽ പ്രവേശനം ലഭിക്കും, ഉദ്യോഗലബ്ധിയുമുണ്ടാകാം.

4. സ്കൂൾഫൈനൽ പരീക്ഷയിൽ തോററുവിഷമിക്കുന്ന ചില വിദ്യാർത്ഥികൾക്കു കണക്കെന്നൊരു വിഷയം ഇല്ലായിരുന്നെങ്കിൽ അവർ ഏതു പരീക്ഷയും ജയിക്കുമായിരുന്നു. അങ്ങനെയുള്ളവർക്കു കേംബ്രിഡ്ജ് സീനിയർ പരീക്ഷ ജയിക്കാം. ഇംഗ്ലീഷിൽ സമർത്ഥന്മാരായ വിദ്യാർത്ഥികൾ മാത്രം അപേക്ഷിച്ചാൽമതി.

5. മദ്രാസ് മെട്രിക്കുലേഷൻ ജയിച്ചിട്ടുള്ളവർക്ക് രണ്ടു വർഷം കൊണ്ടും, കേംബ്രിഡ്ജ് സീനിയർ ജയിച്ചിട്ടുള്ളവർക്ക് ഒരു വർഷം കൊണ്ടും ഇൻറർമീഡിയററു പരീക്ഷ ജയിക്കാം.

ഈ. എസ്സ്. എൽ. സി, മദ്രാസ് മെട്രിക്കുലേഷൻ, എസ്സ്. എസ്സ്. എൽ. സി. തുടങ്ങിയ തുല്യപരീക്ഷ ജയിച്ചിട്ടുള്ളവർക്ക് പ്രൈവറ്റായി ഇന്റർമീഡിയററ് പരീക്ഷക്കു ചേരാം.

ഇപ്രകാരം സ്വന്ത ഭവനത്തിൽ താമസിച്ച് സ്വന്ത ജോലികൾക്കു വിഘ്നമെന്യേ ഇംഗ്ലീഷ് പഠിക്കാം. മെട്രിക്കുലേഷൻ, കേംബ്രിഡ്ജ് സീനിയർ ഇൻറർമിഡ്യേററു തുടങ്ങി ഏതു പരീക്ഷയും ജയിക്കാം അപേക്ഷകർ ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ട്, അല്ലെങ്കിൽ ഇംഗ്ലീഷിൽ എന്തു പരിജ്ഞാനമുണ്ടെന്നും എത്രവയസ്സായെന്നും കാണിച്ചു മറുപടി സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

മാനേജർ,

**കേംബ്രിഡ്ജ് കാളേജ്**

കൈതമുക്ക്, (V. K.) തിരുവനന്തപുരം.

# ചോദ്യപ്രതിനുത്തരം

(മംഗലം എൻ. ബി.)

ചോ—പണ്ഡിററ്നെഹ്റുവിന്റെ സന്ദർശനത്തിന ശേഷം പി; മി. ടി. കെ. പൂർവ്വാധികം വെളുത്തിട്ടുണ്ട്. എന്താ ?

ഉ—നിങ്ങളറിഞ്ഞില്ലേ, അദ്ദേഹത്തെ പലപ്രാവശ്യം ബ്ളീച്ചു ചെയ്തു. ഒന്നാമത്, വിമാനത്താവളത്തിൽ വച്ച് സ്വപ്രേയസ്സിയേയും കെ. ജി. മേനോന്റെ ഭാര്യയേയും പണ്ഡിതജിക്ക് പരിചയപ്പെടുത്തിയപ്പോൾ. രണ്ടാമത് മത്തുക്കുടയും കൊണ്ട് പുറഷകളാടിയപ്പോൾ. മൂന്നാമത് രത്നകംബളം വിരിച്ചപ്പോളും, ഇത്രയും ഭംഗിയായി ബ്ളീച്ചടിച്ചാൽ ആരാ സാറേ, വെളുക്കാത്തത്?

ചോ—പട്ടം താണുപിള്ളയുടെ പ്രധാനജോലിയെന്ത്?

ഉ—'ഭരണരീതി' മാററുക. സർ. സി. പി. യുടെ കാലത്ത് "ഈ ഭരണരീതി മാററണം" എന്നു പറഞ്ഞു. അതു പററിച്ചു. അദ്ദേഹത്തിന ഭരണം കിട്ടിയപ്പോൾ അതും മാററി, ഇപ്പോൾ ടി. കെ. യുടെ "ഈഴരീതി" മാററാനാണ ശ്രമം.........പാവം!

ചോ—മന്നത്തിനെ മാളവ്യജിയോടുപമിക്കുന്നതിൽ തെററുണ്ടോ ?

ഉ—തെററില്ല; പക്ഷേ, ഒഴുക്കിൽ മറിഞ്ഞു തിരിഞ്ഞ് ഒഴുകിപ്പോകുന്ന ഒതളങ്ങായോടുപമിക്കുന്നതാണ് കൂടുതൽ ശരി.

ചോ—മന്മഥന്റെ മതപ്രസംഗം..........കേട്ടിട്ടില്ലേ ? എങ്ങനെ ?

ഉ—മന്നത്തിന്റെ മുറിച്ചു കളഞ്ഞ വാലിൽ മുറുക്കെടിച്ചുപിടിച്ച വാക്യശൈലി—ഒരു തിരുവാതിരകളിക്കാരിയുടെ കൈയും കലാശവും—പഴയ കാലക്ഷേപ, സമ്പ്രദായം തീരെ മറന്നിട്ടില്ല ........നടക്കട്ടെ........എന്നാൽ മതപ്രസംഗമാണ കേൾക്കേണ്ടതെങ്കിൽ മററുവല്ലവരേയും അന്വേഷിക്കുകയാണുഭേദം.

ചോ—"കുമ്പള"മെന്താണ് സർദാർജിയേയും പണ്ഡിററ്ജിയേയും ഒന്നും സന്ദർശിച്ച് സംഭാഷണം നടത്താത്തത്.?

ഉ—ഓ! അത് ഈ മാതിരി മാന്യസ്ഥാനത്തൊന്നുമല്ല പതിവ്. വളക്കുഴിയിൽക്കിളിച്ച് എരുത്തിലിൻ പുറത്തു പടരുന്ന വർഗ്ഗമല്ലേ ?

ചോ—മാമ്മൻമാപ്പിളയോ ശങ്കുണ്ണിപ്പിള്ളയോ നല്ല പത്രാധിപർ ?

ഉ—വയസ്സുകൂടുതൽ ഒന്നാമത്തേയാൾക്ക്. വപുസ്സു കൂടുതൽ രണ്ടാമനും........രണ്ടുപേരും "കർത്താവി"നെ മുൻനിറുത്തിയേ പ്രവർത്തിക്കൂ...........ബാക്കിയെല്ലാം ഒരുപോലെ.

ചോ—തലമുടിയൊതുക്കാൻ എണ്ണയോ വെളിച്ചെണ്ണയോ നല്ലത്?

ഉ—പനമ്പിള്ളി പറയുന്നത് വെളിച്ചെണ്ണയാണ് "ഒതുക്കാൻ നല്ലതെന്നാണ്".

ചോ—രണ്ടു 'ദേവസ്വം ബോർഡു'കളുണ്ടായതിൽ ഏതാണു ഭേദം.

ഉ—"പപ്പു" പോയി "പരമു" ആയി. "ഡു" എടുത്തുകളഞ്ഞാൽ ശരിയായി.

ചോ—ഈയിടെ "കണ്ണാറ" പറയുന്നു ടി. കെ. കുലംകുത്തിയാണെന്നു'............അങ്ങനെയൊക്കെപ്പറയാമോ?

ഉ—അന്ന് ചാണ്ടിയുടെ 'കീഴ്ശ്വാസ'പ്രമേയത്തെ പിൻതാങ്ങിയ ഒപ്പിയാൻ നമ്പർ വൺആണ് കണ്ണാറ. അതുപോലും ഓർക്കാതെയല്ലേ ഇപ്പോൾ അച്ചടക്ക നടപടിയെടുക്കാൻ പോകുന്നത്? പിന്നെങ്ങനെ പറയാതിരിക്കും?

ചോ—കുറച്ചൊക്കെ ആത്മാർത്ഥതയുള്ള സി. നാരായണപിള്ളക്ക് ഈ ക്ലിക്കിൽനിന്നും മാറരുതോ സാറേ?

ഉ—ആത്മാർത്ഥതയുണ്ടെങ്കിലെന്താ? വയറുകൂടെ സമ്മതിക്കേണ്ടേ?

ചോ—വി. പി. മേനവനു് സർദാർജിയോടു വലിയ ഭക്തിയാണ്, അല്ലേ? എപ്പോഴുംകൂടെ ഹനുമാനെപ്പോലെ........

ഉ—സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് വേവൽപ്രഭുവിനോടു വലിയ ഭക്തിയായിരുന്നു........ഇപ്പോൾ പട്ടേലിനോട്—ഇതു കഴിഞ്ഞാൽ വേറൊരാളോട്........ഭക്തിക്കു കുറവില്ല........"ഉദരനിമിത്തം ബഹുകൃതവേഷം."

# താമരമാക്ക് തീപ്പെട്ടികൾ

അല്പകാലംകൊണ്ട് പൊതുജനങ്ങളുടെ സമ്മതി വേണ്ടുവോളം ആർജ്ജിച്ചിരിക്കുന്ന ഞങ്ങളുടെ താമരമാക്ക് തീപ്പെട്ടി, മഴക്കാലത്ത് മററ് ഏതു തീപ്പെട്ടിയേയും പിന്നോക്കംവെപ്പിക്കും എന്നുള്ള ഉത്തരവാദിത്തത്തോടും ശരിയായ കമ്മീഷനോടുംകൂടി വ്യാപാരികൾക്കു വിററുവരുന്നു.

വിശദവിവരങ്ങൾക്ക് ഉടൻ എഴുതുക;—

സോൾഡിസ്ട്രിബ്യൂട്ടർ

ജി. ഗോപിനാഥപിള്ള ജനറൽ മർച്ചൻറ്, കൊല്ലം.

## രണ്ടു സിദ്ധൌഷധങ്ങൾ

**കുഷ്ഠത്തിനും, സിഫിലിസ്സിനും**

കുഷ്ഠം ഏതവസ്ഥയെ പ്രാപിച്ചതായിരുന്നാലും പരിമിതകാലത്തെ ചികിത്സകൊണ്ട് നിശ്ചയമായും ഭേദപ്പെടുത്താൻ കഴിയും.

(സിഫിലിസ് ലിംഗവ്രണം)

എത്ര വർദ്ധിച്ചതായാലും ഏഴു ദിവസത്തെ ചികിത്സകൊണ്ട് പരിപൂർണ്ണസുഖം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

N. B. രോഗികൾ വൈദ്യനെ നേരിട്ടു കാണേണ്ടതാണ്.

എൻ. ദേവലായുധൻ വൈദ്യൻ,

ആരോഗ്യദായിനി വൈദ്യശാല

H. O. അവനവൻഞ്ചേരി, P. O ആററിങ്ങൽ.

## സർക്കാർ വൈദ്യശാല

ഓച്ചിറ.

**ബാലാമൃതം** കുഞ്ഞുങ്ങൾക്കുണ്ടാകുന്ന

കരപ്പൻ, കണ, ചുമ, വലിവ്, വായുമുട്ടൽ നെഞ്ച് കൂടുകെട്ടുക, മലബന്ധം, ശൂലജ്വരം മുതലായ പലതരം രോഗങ്ങൾക്കു പററിയ സിദ്ധൌഷധം.

മാത്ര—7 മുതൽ 15 തുള്ളിവരെ

വില അണ 8.

എസ്. കേശവൻ വൈദ്യൻ,

വൈദ്യകലാനിധി.

# എസ്. എൻ. വി. വൈദ്യശാല

H. O. പൂവൻപാറ ആററിങ്ങൽ } ബ്രാഞ്ച് ചെംപൂര്

ആയുർവേദവിധിപ്രകാരമുള്ള എല്ലാവിധ ദിവ്യഔഷധങ്ങളും ശാസ്ത്രീയമായ രീതിയിൽ തയാറാക്കപ്പെടുന്നു. ആവശ്യക്കാർ ഞങ്ങളെ സമീപിക്കുവിൻ.

മാനേജർ

വാസുദേവൻവൈദ്യൻ

# പ്രതിപക്ഷക്കാർ

കക്ഷിഭരണം നിലവിലിരിക്കുന്ന ഡെമോക്രസികളിലെല്ലാം പററിപ്പിടിച്ചു പടൎന്നു വളരുന്ന ഒരു തരം ഇത്തിളാണു ചൂഷണം. ഇന്നത്തെ തനിദേശീയക്കാർ മുതലെടുക്കുന്നതു ചൂഷണം കൊണ്ടുമാത്രമാണെന്നും അധികാരം പിടിച്ചു പററിയവരുടെ അത്തരം അന്യായമായ കൈകടത്തലുകളെ തടഞ്ഞില്ലെങ്കിൽ ജനായത്തഭരണം പരാജയപ്പെടുമെന്നും ഉള്ള വസ്തുത അനുഭവം കൊണ്ടറിയുന്ന പരമാൎത്ഥമാണു്. ജനകീയ ഭരണം വിജയിക്കണമെങ്കിൽ ഭരണകക്ഷിയുടെ കുററവും കുറവും ചൂണ്ടികാണിക്കുന്നതിനും അവരെ നിശിതമായി വിമൎശിക്കുന്നതിനും കഴിവുള്ള ഒരു പ്രതിപക്ഷം എപ്പോഴുമുണ്ടായിരിക്കുമെന്നാണു് പാർലമെൻററി സിദ്ധാന്തം എന്നാൽ ശത്രുഭാവത്തിലുള്ള പ്രതിപക്ഷമല്ല, സ്നേഹപൂൎണ്ണമായ ശാസനകളും തെററുതിരുത്തലുകളും ഉപദേശങ്ങളും ഉത്തരവാദിത്വമായി ചെയ്യുന്ന ഒരു പ്രതിപക്ഷത്തെയാണു് പ്രതീക്ഷിച്ചിട്ടുള്ളതു്.

നമ്മുടെ നാട്ടിൽ പ്രതിപക്ഷം രൂപീകരിച്ചിട്ടുള്ളതു് ആ അടിസ്ഥാനത്തിലൊന്നുമല്ല. അധികാരവടംവലിയിൽ തോൽവിപററിയവർ, യാതനയ്ക്കുപ്രതിഫലം കിട്ടാത്തവർ' സ്ഥാപിതതാല്പൎയ്യക്കാർ, ഭൂരിപക്ഷത്തിൽനിന്നും പുറം തള്ളപ്പെട്ടവർ, എന്നിവർ ഒത്തൊരുമിച്ചും ഗ്രൂപ്പുതിരിഞ്ഞും പ്രതിപക്ഷങ്ങൾ രൂപീകരിച്ചിരിച്ചിട്ടുണ്ടു്. സ്ഥാനത്തും അസ്ഥാനത്തും ഭരണകക്ഷിയെ പൂരപ്പാട്ടുകൊണ്ടു അഭിഷേകം ചെയ്യുന്നതു പ്രതിപക്ഷത്തിന്റെ കൎത്തവ്യമാണെന്നു വിചാരിക്കുന്നുണ്ടു്. ഭൂരിപക്ഷത്തിന്റെ മുമ്പിൽ പൈശാചികനൃത്തം തുള്ളി പേടിപ്പിച്ചു സ്വന്തം കാൎയ്യങ്ങൾ നേടുന്ന പ്രതിപക്ഷക്കാരുണ്ടു്. ദൈനംദിന ഭരണത്തിൽ ഇടപെട്ടു് സർവീസിന്റെ കാൎയ്യക്ഷമതയെ ദൂഷിപ്പിക്കുന്നവരുണ്ടു്. വായനശാലകളെ കയ്യടക്കാൻ ശ്രമിക്കുന്നവരുണ്ടു്. പത്രങ്ങളും മാസികകളും വാരികകളും പ്രതിപക്ഷക്കാരായി തിരിഞ്ഞിട്ടുണ്ടു്. ജനസാമാന്യത്തിന്റെ വാസന പൊതുവേ ഇടത്തോട്ടു പോകുന്നതിനാണു്.

ഇങ്ങനെ ഒരു സാഹചര്യംസൃഷ്ടിച്ചതു് ഭൂരിപക്ഷകക്ഷിയാണെന്നുള്ളതിൽ പക്ഷാന്തരമില്ല. ഏകാധിപത്യ ഭരണം നടത്താനല്ല, കഷ്ടപ്പെട്ടു സ്വാതന്ത്ര്യം സമ്പാദിച്ചതെന്നു അവർ ഓൎമ്മിക്കേണ്ടതാണു്. യാതനയെ ഒരു കമ്പോളസാമാനമാക്കാനല്ല, പാവപ്പെട്ടവൻ ത്യാഗങ്ങളനുഭവിച്ചതെന്നു അവർ അറിയേണ്ടതാണു്, ന്യൂനപക്ഷത്തിന്റെ ന്യായമായ വാദമുഖങ്ങളെ അവജ്ഞയോടവഗണിക്കാനല്ല ഭൂരിപക്ഷം ഭരണം കയ്യേററതെന്നു അവർ ഓൎക്കേണ്ടതാണു്. മക്കട മുഷ്ടിപിടിച്ചും തോന്ന്യാസങ്ങൾ കാണിച്ചും ജനസാമാന്യത്തിന്റെ മുമ്പിൽ കുററവാളിയാകാനല്ല മൃഗീയ ഭൂരിപക്ഷം കച്ചകെട്ടേണ്ടതു്. ഭരണം പൊതുതാല്പൎയ്യത്തെ മുൻനിൎത്തി ചെയ്യേണ്ടതാണെന്നും സ്വന്തക്കാൎക്കു ഭൂമി പതിച്ചുകൊടുക്കാനും ഉദ്യോഗം കൊടുക്കാനും ലൈസൻസുകൊടുക്കാനും, കയ്യിൽ കിട്ടിയ അധികാരത്തെ ഉപയോഗിക്കരുതെന്നു അവർ ആലോചിക്കണം. ഒരു വിശാലമനോഭാവമില്ലെങ്കിൽ അതൃപ്തിയും അരാജകത്വവും അവർ വളൎത്തുകതന്നെ ചെയ്യും. അതിന്റെ വരുംഫലം അവരെ കൊണ്ടു കണക്കുപറയിക്കും. അതു ഓൎമ്മവേണം.

ധൎമ്മബോധവും നിഷ്പക്ഷ നിരീക്ഷണവും ഇന്നു പ്രതിപക്ഷക്കാരിൽപോലും കാണാൻ കിട്ടുന്നില്ല. ശത്രുഭാവത്തോടുള്ള നിരീക്ഷണത്തിനാണു് കോപ്പുകൂട്ടിയിട്ടുള്ളതു്. കുററവും കുറവും, കേവലം സാങ്കല്പികമായ ആരോപണവും, മുദ്രാവാക്യവും കൊണ്ടു് ഭരണകക്ഷിയെ എപ്പോഴും അലട്ടി, അവരെ തൊലിക്കട്ടിയുള്ളവരാക്കി തീൎക്കുന്നതു് ജനായത്തഭരണത്തെ പരാജയപ്പെടുത്തുകയേ ഉള്ളൂ. ഭരിക്കുന്നവർ ചെയ്യുന്ന നല്ല കാൎയ്യങ്ങളെ നല്ലവയെന്നുതന്നെ പറയുന്നതിനും, ചീത്തകളെ ചൂണ്ടിക്കാണിക്കുന്നതിനും പ്രതിപക്ഷം സന്നദ്ധമാകണം. എല്ലാപേരും മനുഷ്യരാണല്ലോ. ദുർബലവശങ്ങൾ മനുഷ്യന്റെ കൂടപ്പിറപ്പാണു്. ചില കടമകളും കടപ്പാടുകളും മനുഷ്യസഹജമാണു്. അതു് ഭരണകക്ഷിയിലും അവരെ ചരടുപിടിക്കുന്നവരിലും, മന്ത്രിമാരിലും അവരുടെ യജമാനന്മാരിലും വൎണ്ണവൎഗ്ഗഭേദം കൂടാതെ കാണുന്നതാണു്; ന്യൂനപക്ഷത്തിലും ഭൂരിപക്ഷത്തിലും ഉദ്യോഗസ്ഥന്മാരിലും M L A മാരിലും ആണിലും പെണ്ണിലും അടങ്ങിയിരിക്കുന്നതാണു്. പൊതുതാല്പൎയ്യത്തെ ആദരിക്കേണ്ടതു മാത്രമാണു് ആരുടെയും കടമ. നാട്ടിൽ ക്ഷേമവും സമാധാനവും കൈവരുത്താൻ എല്ലാ പേരും ഒത്തൊരുമിച്ചു ശ്രമിക്കണം. അതുമാത്രമാണു് എല്ലാപക്ഷക്കാരും ചെയ്യേണ്ടതു്.

# പൊതുകാര്യപ്രസക്തർ

M. K. S. വിതുര

ഈ കൂട്ടരെ പററിയാണെങ്കിൽ വളരെ പറയുവാനുണ്ടു്. "പൊതുകാര്യപ്രസക്തരെ" നിങ്ങളെപററി രണ്ടേ, രണ്ടു, വാക്കു് അത്ര്യാ, എന്തിനു് മുഖം വീക്ഷിക്കുന്നു. പതിരററ പരമാർത്ഥമാണു് ഞാൻ പറയുന്നതു്.

ഇവർ സാംക്രമികരോഗത്തിലെ വാല്യമുള്ള അങ്കങ്ങളാണു്? ഇവർക്കു് പല വലിയ സ്ഥാനപ്പേരുകളുണ്ടു്, ബ്രഹ്മഗുമസ്തന്മാരു്, തിരുമുമ്പിൽ വേലക്കാരു്, അവസരസേവകന്മാരു്, പെറുക്കിതീനികളും അങ്ങിനെ പലതും പൊതുജനങ്ങളാകുന്ന "യൂണിവേഴ്സിററി"യിൽനിന്നും സമ്മാനദാനം നിർവ്വഹിച്ചിരിക്കയാണു്.

ഇവരിൽ എല്ലാ ജന്തുക്കളും ഉണ്ടു് അച്ചായന്മാരു്, അങ്ങത്തമാരു്, അണ്ണന്മാരു്, സായിപ്പന്മാരു്, ഇക്കാക്കമാരു്, അങ്ങനെ അത്തം മുതൽ ആയില്യം വരെ ഉൾപ്പെടും.

ഇവർക്കുള്ള പ്രത്യേകഗുണം അവസരസേവകത്വമാണു്. ഇതുവരെ അവരുടെ നില കാൺഗ്രസ്സു് പതാകയുടെ നിഴലിലേക്കു് ചാഞ്ഞു് ആയിരുന്നു. എന്നാൽ 125-മുതൽ ഇതിനു് സാരമായ ഊവുതട്ടിയിട്ടുണ്ടു്. സോഷ്യലിസ്റ്റു നേതാക്കന്മാരുടെ വാലുപിടിക്കുവാനാണു് ഇപ്പോഴത്തെ അവരുടെ ശ്രമം. അടുത്ത ഭാവി സോഷ്യലിസ്റ്റിനാണെന്നു് അവർ ഇപ്പോഴേ ചരടുമുറുക്കി കഴിഞ്ഞു. ഇനിയും, ചില, കുമിളകൾ, അവരുടെ ഹൃദയത്തിൽ പൊന്തിവരുന്നുണ്ടു്. മൂന്നാമത്തേതായി കമ്മ്യൂണിസ്റ്റുകാർ, ചൈനായിൽ ഒരു കൗണ്ടർ അററാക്കു നടത്തി ഹാങ്കാങ്ങു് മുതലായ നഗരങ്ങൾ പിടിച്ചടക്കുവാൻ അവർ അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടുപോലും, അവിടെനിന്നും നേരെ ബർമ്മായിലേക്കും പിന്നെ ഇൻഡ്യായിലേക്കും ആണെന്നറിയാം അതിനു് ഒരു പത്തുവർഷത്തെ കാലാവധിയാണു് അവർ നൽകുന്നതു്. അതിനകം എന്തെല്ലാം സംഭവിക്കുവാൻ പോകുന്നോ എന്തോ നാലാമതായി നേതാജി, ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അദ്ദേഹം എന്തു് ഇസ്സത്തെയാണു് പ്രചരിപ്പിക്കുവാൻ പോകുന്നതെന്നു് ഒരു വല്ലാത്ത ഭയം ........

ഇവരുടെ സഭാവ് പമച്ചിലാണു് ബഹുരസം തനി ഖദ്ദറേ അവർ ധരിക്കൂ. ഈ മരാമാക്രികളിൽ അധികവും തുള്ളി പഴംകഞ്ഞിവെള്ളം എങ്കിലും മോന്താൻ ഉള്ളവരായിരിക്കും. ഈ ത്രൈലോക്യനാഥന്മാരുടെ അടുത്തിരിക്കുന്നവർ ഒരു കെട്ട കോട്ടൻവെസ്റ്റും കുറെപഴം തുണിയും, കുടികൊണ്ടു നടക്കാതിരുന്നാൽ.... ...അമ്പോ! ഈ സർവ്വലോക ന്യായസ്ഥന്മാർ വാതുറന്നാൽ ആ അഗസ്ത്യ ഗുഹയിൽനിന്നും പുറപ്പെടുന്ന ഗ്യാസ്സു് ബ്രിട്ടന്റെ നോസ്സു് ഗ്യാസ്സിനേക്കാൾ ഭയങ്കരമാണു്, ഇവരിൽ മിക്കപേരും ഇരിക്കുന്ന സ്ഥാനത്തു് ടേബിൾ ബെല്ലിന്റെ ആവശ്യം നേരിടുകില്ലാ. അവരുടെ പൂർവ്വചരിത്രത്തിലെ ചില തുരുമ്പിച്ച അനുഭവങ്ങളുടെ സ്മരണയ്ക്കുന്നപോലെ ഒരു ർ ർ ർ ർ ർ........ പേർഷ്യൻ ഭാഷയിൽ പറയുകയാണെങ്കിൽ—നൗനാലോഭമന്യേ ഭഗീർഗമിച്ചുകൊണ്ടിരിക്കും. ഈ നവനീണ്ടിസത്തുക്കൾ ഉദയം മുതൽ അസ്തമനത്തിനകം ഒരു പത്തുവീടെങ്കിലും കയറിഇറങ്ങാതെ വരികയില്ല. അതിനുശേഷം....എന്തോ, ആവോ, ആ കണക്കെഴുത്തുകാരൻ ചന്ദ്രഗുപ്തനുമാത്രമെ അറിയാവു ആരുടെയും ഏതു സല്ക്കാരവും അവർ സ്വീകരിക്കും. പക്ഷെ എപ്പോഴും അതു് വിവിധ വശത്തിൽക്കൂടി ആയിരിക്കുമെന്നുമാത്രം.

ഇവർക്കുള്ള രാഷ്ട്രീയ പദവി അതൊന്നു പ്രത്യേകമാണു് കുതിരഇല്ലാത്ത നാട്ടിൽ കോവർകഴുത കുതിരയായി ഉയർത്തപ്പെടുകയാണല്ലൊ ലോകസാധാരണം. എങ്ങിനെ പണ്ടു് നിങ്ങളൊക്കെ രണ്ടാംപാഠത്തിൽ വായിച്ച ആ ഊളന്റെ പാർലിമെന്ററി ഭരണം പോലെ.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

# മൃഗ മഹാസമ്മേളനം

(കുന്തം ലേഖകൻ)

മുൻനിശ്ചയമനുസരിച്ച് അവസാന സമ്മേളനം കഴിഞ്ഞമാസം 31-ാം നം- അതിവിശാലമായി വെട്ടി അലങ്കോലപ്പെടുത്തിയിട്ടിരുന്ന ദേവികുളത്തുവച്ച് മിസ്സിസ്സ് ധൂർജ്ജടിഅയ്യരുടെ അദ്ധ്യക്ഷതയിൽ കാലത്തു കൃത്യം 6-30-ന് ആരംഭിച്ചു. ഉദ്ഘാടനം ശ്രീ. കരിരാജൻ ആയിരുന്നു. ഉദ്ഘാടനപ്രസംഗം ഏതാണ്ടീപ്രകാരമായിരുന്നു. സോദരരെ! ഉത്ഘാടനം ഉദ്ഘാടനം എന്നു പറഞ്ഞാൽ വന്യമഹാമൃഗങ്ങളെ ഉദ്ഘാടനം ഉത്ഘാടനം എന്നു പറഞ്ഞാൽ മലബാറിൽ നിന്നു കാൽനടയായി വരുവാൻ എത്രമാത്രം വിഷമമുണ്ടെന്നു നിങ്ങൾക്കറിയാമല്ലൊ. ഉത്ഘാടനം ഉത്ഘാടനം എന്നു പറഞ്ഞാൽ വന്യമൃഗങ്ങളു ഉത്ഘാഘാടനസമയത്തെങ്കിലും വന്നുചേരുവാനൊക്കുമെന്നു ഞാൻ കരുതിയിരുന്നില്ല. ഏതായാലും സന്തോഷപൂർവ്വം ഉത്ഘാടിച്ചുകൊള്ളുന്നു. ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും യൂണിയൻ പ്രതിനിധികളും അനുഭാവികളും ഘോഷയാത്രയായി സമ്മേളനസ്ഥലത്തു വന്നുചേർന്നുകൊണ്ടിരിക്കുന്നതിനിടയിൽ ശ്രീ കടുവാമസ്ക്രീൻ സദസ്സിനു സ്വാഗതമോതിക്കൊണ്ടു് ഇങ്ങനെ പ്രസംഗിച്ചു. പ്രിയമുള്ള സഹോദരങ്ങളെ! നാം അഹങ്കാരത്തിന്റേയും, അറിവില്ലായ്മയുടേയും പേരിൽ അകന്നു് ശത്രുക്കളായും അന്യോന്യം ഹിംസിക്കുന്നവരായും അധപതിച്ചുകഴിഞ്ഞ കൂട്ടകയായിരുന്നെന്ന പരമാർത്ഥം ആദ്യമായിത്തന്നെ പ്രസ്താവിച്ചുകൊള്ളട്ടെ! നിങ്ങളോടെനിക്കു ഒരുവാക്കുകൂടി മാത്രമേ പറയുവാനുള്ളു. എന്തെന്നാൽ ഇന്നത്തെ യോഗത്തിൽ പല നിശ്ചയങ്ങളും ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അതിനു നിങ്ങളുടെ ഹൃദയംഗമമായ സഹകരണത്തിനായി അഭ്യർത്ഥിച്ചുകൊണ്ടും വളരെ വളരെ സൗകര്യക്കുറവുകളുണ്ടായിട്ടും അതെല്ലാം തൃണവൽഗണിച്ച് നമ്മളുടെ ക്ഷണം സ്വീകരിച്ചനുഗ്രഹിച്ച മിസ്സിസ്സ് അയ്യർക്കും നിങ്ങൾക്കേവർക്കും ഈ സംഘട്ടനത്തിന്റെ പേരിൽ സ്വാഗതം പറഞ്ഞുകൊണ്ടും വിരമിക്കുന്നു. നമസ്കാരം. അടുത്തതായി അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗമായിരുന്നു. അതു് ഇങ്ങനെ സംഗ്രഹിക്കാം. സഹോദരന്മാരെ സഹോദരികളെ! ഇത്ര വമ്പിച്ച ഒരു സദസ്സിനെ അഭിമുഖീകരിക്കുവാനിടയായതിൽ ചാരിതാർത്ഥ്യമുണ്ടു്. ഇത്ര കൂടുതൽ സഹോദരികളെ ഞാൻ മറെറങ്ങുംവച്ചു കാണുവാനിടയായിട്ടില്ല. (ഇതിനിടയിൽ വിശപ്പുകൊണ്ടു കുഞ്ഞുകരഞ്ഞതിനാൽ ചാടി ഓടിച്ചെന്നു കുഞ്ഞിനു പാല്കൊടുത്തു കിടത്തിയിട്ടു വീണ്ടും വന്നു പ്രസംഗം തുടർന്നു) എനിക്കു നിങ്ങളോടു പലതും പറയുവാനുള്ളതായിട്ടുണ്ടു്. അതെല്ലാം ഉപസംഹാരത്തിൽ പറഞ്ഞുകൊള്ളാമെന്നു കരുതി തല്ക്കാലം അവസാനിപ്പിക്കുന്നു.

അടുത്തതായി പ്രസംഗിച്ചതു് ശ്രീ കുറുനരിമാൻ ആയിരുന്നു. മാന്യസഹോദരങ്ങളെ! നാം അറിവില്ലായ്മമൂലം പലവിധത്തിലും അകന്നു് അവശതയിലായി ആ കഥകൾ ആവർത്തിക്കുവാൻ വിചാരിക്കുന്നില്ല. ഇനി നാം ഒരുമിക്കണം. അതാണിന്നത്തെ അടിയന്തിരാവശ്യം. അതിനുതന്നെയാണു നമ്മളിന്നിവിടെ കൂടിയിരിക്കുന്നതെന്നും ഏവർക്കും അറിയാമല്ലൊ. നമ്മളിൽ അവാന്തരവിഭാഗങ്ങൾ ഉണ്ടെന്നുള്ള ചിന്ത, ഇനി നമുക്കുണ്ടാകാൻ പാടില്ല. നാമെല്ലാം ഒരേതമ്പുരാന്റെ സന്താനങ്ങളാണു്. ചില തല്പരകക്ഷികൾ നമ്മെ ഭിന്നിപ്പിച്ചു നിർത്തി നമ്മെക്കൊണ്ടു മുതലെടുത്തു കുമ്പ വീർപ്പിക്കുന്നുണ്ടു്. അതിനെല്ലാം പൂർണ്ണവിരാമമിടുവിക്കുവാനുള്ള പരിപാടികളും മററും ആസൂത്രണം ചെയ്യേണ്ടതായിട്ടിരിക്കുന്നു. നിങ്ങൾക്കേവർക്കും വിജയമാശംസിച്ചുകൊണ്ടു് പ്രസംഗം അവസാനിപ്പിക്കുന്നു. പ്രമേയാവതരണമാണു് പിന്നീടു നടന്നതു്.

പ്രമേയം 1. അനേകനൂററാണ്ടുകളായി ഞങ്ങളുടെ പൂർവികന്മാർ ആർജ്ജിച്ചു വാസസ്ഥാനമാക്കിയിരു

---

ഈ അവകുലകൾക്കു് ലഹരിപദാർത്ഥങ്ങളാണെങ്കിൽ അടട—ബീഡികട മുതൽ ബ്രാണ്ടിഷാപ്പുവരെ അവർ സ്ഥിരലാവണക്കാരാണ് അടുത്തതായി ഡോബി (ആൻഡ്) ബാർബർ അസോസേഷ്യന്റെ കൂലികിട്ടിയില്ലാ എന്നൊരു നിവേദകസംഘം വി:തെ ഇവരെ ചുററി കൂടിക്കൊള്ളും ആരെങ്കിലും ആർച്ചി……എന്നു് ഉറച്ചു തുമ്മിയാൽ ഈ പ്ലേഗ്ഗുകൾ ഉടനെ അവിടെ എത്തുകയായി,

(തുടരും)

ന്നാലും ഞങ്ങളുടെവക സ്ഥലവുമായിരുന്ന ഈസ്ഥലങ്ങളിൽനിന്ന് ഞങ്ങളെ ആട്ടിപ്പായിച്ചു വനം കരസ്ഥമാക്കി വെട്ടി നശിപ്പിച്ചുവരുന്ന കന്തക്കാരൻ കൂട്ടനോടും പാർട്ടിയോടും ഞങ്ങൾക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ഇനിയും ഈ നില തുടർന്നുപോകുവാൻ ഇവിടത്തെ കാലില്ലാത്തബഹു: ഗവർമ്മേൻറു അനുവദിക്കുന്നതായാൽ ഞങ്ങൾ കൂട്ടംകൂട്ടമായി കുടിയിലേക്കു വരുമെന്ന് ഇതിനാൽ അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

അവ: X. കലമാൻ

അനു: K. R. വാനർ

പ്രമേയം 2. ദുഷ്ടരായ മനുഷ്യരുടെ ബുദ്ധിശാലയിൽനിന്ന് ഉൽഭൂതമായിട്ടുള്ളതായിട്ടുള്ള കവത്ത വഞ്ചനയാണ് നാട്ടുകളായി നമ്മെ വിഭജിച്ചിരിക്കുന്നത്. ബുൾപ്പട്ടിയെന്നും ചെങ്കോട്ടപ്പട്ടിയെന്നും ഇനി ശബ്ദിക്കുവാൻ അനുവദിക്കുന്നതല്ല. ഞങ്ങളെ കബളിപ്പിച്ചു മഴയത്തു കിടത്തി നശിപ്പിക്കുവാൻ തുനിഞ്ഞതിൽ ഞങ്ങൾക്കുള്ള പ്രബലമായ പ്രതിഷേധം രേഖപ്പെടുത്തുകയും മേലിൽ ആ മാതിരിയുള്ള വാലുകൾ എച്ചുകെട്ടി വിളിക്കുന്നവരെ ഞങ്ങൾ സർവ്വശക്തികളുമുപയോഗിച്ചു എതിർക്കുന്നതാണെന്നു താക്കീതു ചെയ്യുകയും ചെയ്യുന്നു.

അവ. C. നായ്

അനു. B. നായ്

പ്രമേയം 3. നാട്ടിലുള്ള പച്ചമരുന്നുകൾ പറിച്ചെടുത്ത് രസായനമുണ്ടാക്കിയിട്ട് നമുക്കും നമ്മുടെ പരമ്പരകൾക്കും ആക്ഷേപം വരത്തക്കവിധത്തിൽ കരിങ്കുരങ്ങുരസായനമെന്നും പറഞ്ഞ് വിതരണം ചെയ്യുകയും, കരിങ്കുരങ്ങിനെ ക്ഷയത്തിനും മററും കൊള്ളാമെന്നു പറഞ്ഞു നാട്ടിലുള്ള ക്ഷയരോഗികളെകൊണ്ട് ഞങ്ങളെ കൊല്ലിക്കുവാൻ കരുതിക്കൂട്ടി ചെയ്യുന്ന ഈ അക്രമത്തെ ബഹു: വരുന്ന ഗവമ്മെൻറ് തടയേണ്ടതാണെന്ന് അഭ്യർത്ഥിക്കുകയും ഒരു മാർജ്ജാരനെയെങ്കിലും തൊട്ടുപോയാൽ കളി വേറെയാണെന്നറിവിക്കുകയും ചെയ്തുകൊള്ളുന്നു.

അവ: A കരിമന്തി

അനു: S കരിങ്കുരങ്ങ്

പ്രമേയമെല്ലാം ഒരു കണ്ഠമായി പാസാക്കുകയും ഭരണഘടമിതിയിലേക്ക് ഒരു അഞ്ചാംഗക്കമ്മററിയെ തെരഞ്ഞെടുക്കുകയും ചെയ്തു. പിന്നീട്ടനടന്നത് പാട്ടുകച്ചേരിയായിരുന്നു. ഗാനഭൂഷണം ശ്രീ കഴുതയുടെ സംഗീതം പ്രത്യേകം പ്രസ്താവ്യമത്രേ. അതിനുശേഷം ഉപസംഹാര പ്രസംഗത്തിനായി അദ്ധ്യക്ഷ എഴുന്നേററപ്പോൾ കരിങ്കാലി കൂട്ടനും പാർട്ടിയും കൂടി കുന്തം കുരുക്ക് കുറുവടി, കല്ല് കമ്പാകത്തി, കത്താൾ, കൈബോംബ്, വടിവാൾ, വാക്കത്തി മുതലായ മാരകായുധങ്ങളുമായി സഭയിൽ ചാടിവീണ് കാൺഗ്രസ്സ് റൗഡികളെപ്പോലെ ബഹളമുണ്ടാക്കുകയും സമാധാനപരമായി യോഗം തുടരുവാൻ സാദ്ധ്യമല്ലാത്തതിനാൽ കൃത്യം നാലിനു അദ്ധ്യക്ഷയോഗം പിരിച്ചു വിടുകയും പ്രാണരക്ഷാർത്ഥം പലരും പലവഴിക്കോടുകയും ചെയ്തു.

---

## "ആ സംഭവം കരുതിക്കൂട്ടി ചെയ്തതാണ്"

### ഹിന്ദുക്കളോടുള്ള ഒരു വെല്ലുവിളിയാണ് ശബരിമലസംഭവം.

ക്ഷേത്രപ്രവേശനവിളംബരം ഉണ്ടാകുന്നതിനു മുൻപ് ക്ഷേത്രപ്രവേശനം അനുവദിച്ചുകൊടുത്ത ശബരിമല ശ്രീധർമ്മശാസ്താക്ഷേത്രം മതഭ്രാന്തന്മാരായ ആരോ ഒരുകൂട്ടം കാട്ടാളന്മാർ തീവച്ചു നശിപ്പിച്ചിരിക്കുന്നു എന്ന മർമ്മഭേദകമായ വാർത്ത തിരുവിതാംകൂർകാർക്ക് മാത്രമല്ല, ഇൻഡ്യയിലുള്ള സകല ഹിന്ദുവിശ്വാസികളെയും ഹൃദയം പിളർക്കുന്ന ഒന്നാണ് ആ സംഭവം. ഈ ഘോരകൃത്യംചെയ്തത്. ആരുതന്നെയായിരുന്നാലും അവരെ കണ്ടുപിടിച്ച് ശരിയായ ശിക്ഷ കൊടുക്കണമെന്ന് ഞങ്ങൾ ബഹു. ജനകീയ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.


ന്യൂ റെസ്റ്റാറൻറ്

തമ്പാനൂർ ::: തിരുവനന്തപുരം

ശുചിത്വമായ കാപ്പിയും, ശാപ്പാടും

എപ്പോഴും തയാർ.

പ്രൊ: വി. ഭാസ്കരപിള്ള.

## M. S. V. A. ആശുപത്രി,

ചുള്ളാളം.

നവീനരീതിയിൽ വേണ്ട സജ്ജീകരണങ്ങളോടുകൂടി സമാരംഭിച്ചിരിക്കുന്ന ഒരുത്തമ സ്ഥാപനം. രോഗികൾക്കൊരാശ്വാസകേന്ദ്രം.

കാലത്തു് 7-മണി മുതൽ 11-മണിവരെ
വൈകിട്ടു് 3-മണിമുതൽ 7-മണിവരെ.

## A. V. മെഡിക്കൽ ഹാൾ

കല്ലമ്പലം, നാവായികുളം.

ഇവിടെ എല്ലാവിധരോഗികളെയും വിശിഷ്യ നേത്ര രോഗികളെയും പരിധിശോധിച്ചു ഫലപ്രദമായ ചികിത്സ നടത്തുന്നതാണു്.

കെ. രാഘവൻവൈദ്യൻ.

കൂടുതൽ സമയം എരിയുന്ന

## സെൽവാ മെഴുകുതിരികൾ

വാങ്ങുവിൻ.

S. S. രാജാ & Co.

ന്യൂ ബസ്സാർ, ആലപ്പുഴ.

ശ്രീ അംബാജി

## സോപ്പ് വർക്ക്സ്

കവലയൂർ, ആററിങ്ങൽ.

ഇവിടെ എല്ലാവിധ സോപ്പുകളും ഭംഗിയായി നിർമ്മിക്കപ്പെടുന്നു. സന്ദർശിക്കുക.

പ്രൊ: N. രമേശൻ.

നെടുമങ്ങാട്ടു് താലൂക്കകച്ചേരിക്കു സമീപം പുതുതായി സ്ഥാപിച്ചിരിക്കുന്ന ഞങ്ങളുടെ ബ്രാമിൻസ് കാഫിഹോട്ടലിൽ രുചികരമായ പലഹാരങ്ങളും വിഭവസമൃദ്ധമായ ഊണും സദാതയാർ. ഒരു പ്രാവശ്യം സന്ദർശിച്ചു് സംതൃപ്തരാകുവിൻ.

കച്ചേരിക്കു് സമീപം, നെടുമങ്ങാട്ടു്.

മാനേജർ.


## മാസിക കിട്ടുന്നില്ല

"വികടകേസരി" വരിക്കാർക്കു് അഞ്ചലിൽ അയക്കുന്ന മാസികകൾ വഴിമദ്ധ്യേവച്ചു് പലരും മിഴുങ്ങുന്നതായി പല പരാതികളും ഞങ്ങൾക്കു് കിട്ടികൊണ്ടിരിക്കുന്നു. മേലാൽ മാസിക കിട്ടാതെവരുന്ന മാന്യവരിക്കാർ വിവരം ആഫീസിൽ അറിയിച്ചുതന്നാൽ വീണ്ടും മാസിക അയച്ചുകൊടുക്കുന്നതാണു്,

പത്രാധിപർ.

## "വികട കേസരി"ക്കു്

ഏജൻറന്മാരെ ആവശ്യമുണ്ടു്. ഒററ പ്രതി 2 ണ. പ്രകാരം ആവശ്യമുള്ള കോപ്പികളുടെ വില ഓരോ ഇംഗ്ലീഷ് മാസം 15-ാം തീയതിക്കകം മുൻകൂറായി അയക്കുവാൻ കഴിയുന്നവർ മാത്രം അപേക്ഷിച്ചാൽമതി.

പത്രാധിപർ.


സുഖകരമായ ചായയും കാപ്പിയും
വിഭവസമൃദ്ധമായ ഭക്ഷണം!!
എവിടെ?

## ആസാദ് ഹോട്ടൽ

പഴവങ്ങാടി * തിരുവനന്തപുരം.

# വിവാഹമംഗളാശംസ

കുളമുട്ടം കുന്നുവിള ബംഗ്ലാവിൽ ജനാബ് എം. എം. ദാഹിറിന്റെ സഹോദരി ശ്രീമതി എം. സൈന ബാബീവിയും, പെരുമാതുറ പുത്തൻവീട്ടിൽ ജനാബ് ഹബീബ് അവർകളുടെപുത്രൻ ജനാബ് അബ്ദുൽജാബ്ബാറും തമ്മിലുള്ളവിവാഹം 125 മേടമാസം 29-ാംനു- വെള്ളിയാഴ്ച വധൂഗൃഹത്തിൽവച്ചു നടന്നതു സംബന്ധിച്ച് വികടകേസരിക്കു് അയച്ചുതന്ന സംഭാവന കൈപ്പററി നവദമ്പതികൾക്കു സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

N. A. N. R. ക്യാഷ്നട്ട്ഫാക്ടറി മുഖത്തല ബ്രാഞ്ച് മാനേജർ മി: N. ശിവരാമനും കുണ്ടറ സബ്ബ് രജി: കച്ചേരിയിലെ ലേഡിക്ലാർക്ക് ശ്രീമതി L. ആനന്ദവല്ലിയും തമ്മിൽ 125 മേടം 19-ാം തീയതി നടന്ന വിവാഹം സംബന്ധിച്ചും, കാഞ്ഞിനട കരിമ്പുവിളവീട്ടിൽ ജനാബ് അലികുഞ്ഞ് അവർകളുടെ പുത്രി ശ്രീ: സെയിനാബിവാബീവിയും ഭരതന്നൂർ പ്ലാവിളവീട്ടിൽ ജനാബു് K. ഇബ്രാഹിം അവർകളുടെ പുത്രൻ E. M. ഇസ്മായിൽ സാഹിബും തമ്മിൽ 11-5-1950-ൽ വധുഗൃഹത്തിൽ വച്ചു നടന്ന ക്ഷേമമായ വിവാഹം സംബന്ധിച്ചും—തെങ്ങിൻകോട്ടുപണയിൽ വീട്ടിൽ ശ്രീ. രാമൻപിള്ള അവർകളുടെ പുത്രൻ ശ്രീമാൻ R. ദാമോദരൻപിള്ളയും വിളയിൽ വീട്ടിൽ ശ്രീമാൻ M. R. മാധവക്കുറുപ്പ് അവർകളുടെ അനിന്തിരവൾ ശ്രീമതി ബി. ഭാഗീരഥിഅമ്മയും തമ്മിൽ 9-6-50-ൽ വധൂഗൃഹത്തിൽവച്ചു സമംഗളം നടന്ന വിവാഹം സംബന്ധിച്ചും വികടകേസരിക്കു അയച്ചുതന്ന സംഭാവന നന്ദിപൂർവ്വം കൈപ്പററി വധൂവരന്മാർക്ക് സർവ്വവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.


ഊററു്—മണം—രുചി ഇവയ്ക്കു്

**ലില്ലി ബ്രാൻറ് തേയില**

എപ്പോഴും ഉപയോഗിപ്പിൻ.

പൂജപ്പുര :: :: തിരുവനന്തപുരം.



സ്റ്റഡി വാഷ് സ്പെഷ്യൽ കേക്ക് നീലം

**൯൦൩ ബാർ സോപ്പുകൾ**

വസ്ത്രശുദ്ധിക്ക് ഏററവും പററിയതു്

പരീക്ഷിച്ചറിയുക.

സ്റ്റഡി സോപ്പുവർക്സ്, വക്കല.

മാനേജർ.

# നാട്ടുവർത്തമാനങ്ങൾ

തലസ്ഥാനം:—വള്ളക്കടവിലുള്ള ഒരു ചട്ടമ്പി ഫാർവേഡിംഗ് ഏജൻറ് തൊഴിലാളികളെ ഇളക്കിവിട്ട് സാധുക്കളായ ഏജൻറന്മാരെ വയററിലടിക്കാൻ ശ്രമിക്കുന്നതു് കഷ്ടമാണ്. പൂജപ്പുര 60 വയസ്സുള്ള മരടിച്ച ഒരു പ്രേമകഥ അന്വേഷണത്തിൽ. പാളയം റീഗൽകേഫ് യാത്രക്കാർക്ക് ഒരനുഗ്രഹമാണ്. കററച്ചക്കോണം വാർഡിലെ അഞ്ചൽ ഫ്യൂൺ മാസികവിലാസക്കാർക്കുതന്നെ കൊടുത്താൽകൊള്ളാം. സുഖകരമായ ഭക്ഷണസാധനങ്ങൾ ആവശ്യമുള്ളവർ ആസാദു ഹോട്ടൽ അന്വേഷിക്കുക. ചോററവപുര തെരുവിൽ ഒരു സ്വാമിയുടെ ക്ലബ്ബിൽ ഈച്ച ശല്യം കുറവാണെന്നു പറയുന്നതു് സാനിട്ടറി ആഫീസർ അന്വേഷിക്കുമോ. ഒരു യക്ഷിയുടെ വെളിച്ചപ്പാട് ആരെ ഉദ്ദേശിച്ചാണോ എന്നോ അന്വേഷിക്കട്ടെ. മതിലകം കച്ചേരിയിലെ ചില വിവരങ്ങൾ അടുത്തതിൽ. ചാല കമ്പോളത്തിലെ സ്വർണ്ണക്കടക്കാരെയും, കരിംചന്തക്കാരെയും കുറിച്ച് കുറത്തിമട്ടിൽ ഒരു കവിത അടുത്തതിൽ.

പേരൂർക്കട:—ഒരു റേഷൻ വ്യാപാരിയുടെ വിതരണരീതി പറയട്ടെയോ. മി. രാഘവപണിക്കരുടെ നിത്യപരിശ്രമത്തിൽ നടത്തിവരുന്ന നാഷണൽ ഹോട്ടൽ ദിനംപ്രതി അഭിവൃദ്ധിപ്രാപിച്ചുതന്നെ വരുന്നു. പേരൂർക്കടമുക്കിലെ മികച്ച ഒരു സ്ഥാപനംതന്നെ നാഷണൽ ഹോട്ടൽ സമ്മതിക്കാതെ തരമില്ല. നാലുമണി സമയത്തു് ഒരു യക്ഷിയുടെ പോക്ക് ആശുപത്രിവഴിയാണോ! ചന്ദ്രികവിലാസം റെസ്റ്റാറൻറ് ഉത്തരോത്തരം അഭിവൃദ്ധിയിൽ.

പള്ളിക്കൽ.—ഇലവൂർകോണത്തു ഒരു മഹമ്മദീൻെറ മോഷണവും സാധുക്കളെ ദേഹോപദ്രവമേല്പിക്കുന്നതും പിടിച്ചുപറിയും നിമിത്തം നാട്ടുകാർക്ക് കിടക്കപ്പൊറുതിയില്ലാതെ ആയിതീരുന്നു. സ്ഥലം ഐ. പി. യുടെ സത്വരശ്രദ്ധ തെളിഞ്ഞു പതിയേണ്ടതാണ്.

വക്കം—48-ാം നമ്പർ റേഷൻ ഡിപ്പോ ഉടമസ്ഥൻ ശിക്ഷാർഹനായിട്ടും വിതരണം പഴയപടി തന്നെയോ. വിജ്ഞാനപോഷിണി വായനശാല അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു.

വർക്കല— P. W. D. ക്ലാർക്ക് നമ്പ്യാതിരിയും രഹസ്യങ്ങളും അന്വേഷണത്തിൽ. സ്റ്റഡിവാഷിംഗ് സോപ്പ് വ[illegible]ഡിക്ക് ഒന്നാംതരം. ആർട്ടിസ്റ്റ് മി. ഗോപാലൻെറ കലാപ്രകടനം പുരോഗമിച്ചു വരുന്നു.

ചൈത്രർ—റേഷൻ കുഞ്ഞു മുതലാളിയുടെ റേഷൻവിതരണം. മുഴുവൻ കരിംചന്തവഴിയോ? വികടകേസരി അന്വേഷണം നടത്തുന്നു. പാലത്തിനു സമീപം നടക്കുന്ന ചൂതുകളി ഒന്നിനൊന്നു മെച്ചംതന്നെ.

ഓയൂർ—ആയൂർ റോഡിൻെറ ദയനീയമായ നില അധികൃതർ ശ്രദ്ധിച്ചാൽകൊള്ളാം. വെളിനല്ലൂർ പകുതികച്ചേരിയും വിവരങ്ങളും മററും അടുത്തതിൽ. ശ്രീ. വാസവൻ വൈദ്യൻ പൊതുജനോപകാരിയാണ്. ക്യാഷ്നട്ട് ഫാക്ടറിയിലെ സ്ത്രീ തൊഴിലാളികളെ അഞ്ചുമണിക്കുതന്നെ പറഞ്ഞയക്കുന്നതിൽ മനേജർ ഗൗനിക്കുമല്ലോ.

കിരിക്കാട്ട്—പുതിയവിള തെക്ക് ഉപയോഗശൂന്യമായി കിടക്കുന്ന കുളത്തിൻെറ നില P. W. D. അധികാരികൾ ശ്രദ്ധിച്ചാൽകൊള്ളാം. വില്ലേജ് യൂണിയൻ അധികാരികൾ നാട്ടുകാരുടെ പണം പിടുങ്ങിയാൽ മാത്രം പോരാ. സ്ഥലത്തെ പഞ്ചസാരവിതരണം മുഴുവൻ കരിംചന്തയിൽ തന്നെപോൽ.

കരിയിലകുളങ്ങര—റേഷൻ വ്യാപാരി ഒരു നാരായണൻ മാസികക്കാരെ കാണുമ്പോൾ ആളില്ലെന്നു പറയുന്ന രഹസ്യം രസാവഹമാണ്. ബ്ലാക്കുമാർക്കററ് ആവശ്യമുള്ളവർ മി: നാരായണനെ സമീപിക്കുക. ഒരു ശംകരൻെറ നക്കാപിച്ചനയം വഴിയേ. ശ്രീ. കെ. എം. ഗോവിന്ദൻ നമ്പൂതിരിയുടെ വിഷവൈദ്യശാലക്ക് നല്ല ഭാവിയുണ്ട്.

നന്ദിയോട്ട്.—ഒരു കണ്ണുവൈദ്യനും രഹസ്യങ്ങളും വഴിയേ. പച്ചയിലെ ഒരു റേഷൻഡിപ്പോ കുഴപ്പം അന്വേഷിക്കട്ടെ. നന്ദിയോട്ട് ചന്തയിൽ ചൂതുകളി പുരോഗതിയിൽതന്നെ. പാലോട്ട് ആശുപത്രിയിലെ ഒരു ഡാക്ടർ പത്രങ്ങൾ ചക്കാത്തിനു കിട്ടുമെങ്കിൽ വായിക്കാൻ അധിസമർത്ഥനാണ്.

നെടുമങ്ങാട്ട്:—ചില അഴിമതിരാജന്മാർ സംഘടിക്കുന്നതായി കച്ചേരിമുക്കിൽ ഒരു സംസ്സാരം. ഒരു ഇൻഷ്വറൻസ് ഏജൻറിൻെറ ആഗമനം ചില യുവാക്കന്മാരെ പാപ്പരാക്കിപോലും, മെർക്കുറി കാറിനെ സ്വപ്നം കാണുന്നതു് ആരാണെന്ന് അന്വേഷിക്കാം.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
A.S.S.
പാലസ്റോഡ്, ആലപ്പുഴ

കമ്മ്യൂണിസ്റ്റുനേതാവിനുവേണ്ടിയുള്ള വാദ്ധ്യാരുടെ പാഠശാല സന്ദർശനവും മുടിവെട്ടും മരണക്കുറി 97 രൂപായും 14 അണയും മനസ്സിലായി. E. H. സ്കൂളിലെ കോട്ടയം ക്ലാക്കിൻെറ നിയമം ലംഘിച്ചുള്ള പ്രേമംവളരെകുഴപ്പമാണെന്നാണ് പലരുംപറയുന്നതു്. വിശദവിവരവും അന്വേഷിച്ചു് അടുത്തതിൽ. അംബികവിലാസം ഒന്നിനു ഒന്നു് മെച്ചംതന്നെ.

പോത്തൻകോട്:—നന്നാട്ടുകാവിലെ ഒരു റേഷൻകടയിൽ ഒരു കാലത്തും അരി ഹോൾസെയിൽകാർ കൊടുക്കുന്നില്ലെന്നു പറയുന്നതിൻെറ ഉള്ളിൽ ഏതോ ചില രഹസ്യങ്ങൾ ഇല്ലാതെ ഇല്ല. റേഷനിംഗ് ആഫീസ്സർ അടിക്കടി ഈ കട പരിശോധനനടത്തിയാൽ രഹസ്യം ഉടനെ പുറത്തു് വരുന്നതാണ് തറട്ട ആശുപത്രിയിലെ ഡാക്ടരെ ക്രടിമാററിയിട്ടു് ഒരു സാധാരണ ഡാക്ടരെ കിട്ടിയാൽ കൊള്ളാമെന്നു നാട്ടുകാർ പറയുന്നു.

കഴക്കൂട്ടം:—തിയേററിനു സമീപം ഉള്ള ഒരു റേഷൻഡിപ്പോയിൽ നടക്കുന്ന ഡിമാലഗുണ്ടൻ വേലത്തരം അന്വേഷണത്തിൽ.

ഉള്ളൂർ— ശ്രീ. പി. എസ്സ്. നടരാജപിള്ള എം. എൽ. എ. യുടെ മരുമകൻ ഒരു സുന്ദരംപിള്ള റൗഡികളേയും ശേഖരിച്ചുകൊണ്ടു് മാനമായി ജീവിതം നയിക്കുന്നവരുടെ വീടുകളിൽ കയറി ബലാൽക്കാരമായി താമസിക്കുന്നതും മററും അധികൃതർ ശ്രദ്ധിക്കാത്തതു് പരിതാപകരമാണ്. ഈയിടെ റാവുസാഹബു് രാജറാവുൻെറ വസ്തുവിൽ ഈ മാന്യൻ ബലം പ്രയോഗിച്ചിരിക്കുകയാണ്. റാവുസാഹിബു് അവർകളുടെ വസ്തുവും കെട്ടിടവും തനിക്കു വിലയ്ക്കു് തരണമെന്നു ആവശ്യപ്പെടുകയും ചെയ്തതനുസരിച്ചു് സ്വാമിയേകൊണ്ടു് എഗ്രിമെൻെറഴുതി പണം കൊടുക്കാതെ ഇപ്പോൾ സ്വാമിയുടെ പേരിനു കള്ളകേസുകൾ കൊടുക്കാൻ ശ്രമിച്ചു മേടിച്ചുകൊണ്ടു് നടക്കുന്ന ഈ ഭയംകരനെ സൂക്ഷിക്കണേ. പല സാധുക്കളേയും ഇതുപോലെ കഴപ്പത്തിലാക്കിയിട്ടുണ്ടെന്നാണ് പലരും പറയുന്നതു്. ഇതിൻെറ പരമാത്ഥസ്ഥിതി അന്വേഷിച്ചു് വസ്തുവിനു് അതിൻെറ അവകാശിക്കു കൊടുക്കണമെന്നു ഞങ്ങൾ അഭ്യത്ഥിക്കുന്നു.

ഇടയ്ക്കോട്ട്— ആന്ത്രപ്പാറസ്കൂളിലെ ഹെഡ്മാസ്റ്റർ മി. അനന്തകൃഷ്ണപിള്ളസാറിനെപ്പററി പല പരാതികളും ഇവിടെ കിട്ടികൊണ്ടിരിക്കുന്നു. അവസാനം കിട്ടിയതു് ഒരു പ്രേമലേഖനമാണ് സൂക്ഷ്മവിവരം അന്വേഷിച്ചടുത്തതിൽ.

ആററങ്ങൽ— തോട്ടി തൊഴിലാളികൾക്കു് ശംബളം കൂട്ടികൊടുക്കുല്ലെന്നും കമ്മിഷണർ സ്വയം സമ്മതിക്കുന്നു. മി. ഭാർഗ്ഗവൻപിള്ളയുടെ പുഷ്പവ്യാപാരം തരക്കേടില്ല. രുചിക്കും ശുചിക്കും അംബികവിലാസം നല്ല സ്ഥാപനമാണ്. രാത്രികാലങ്ങളിൽ അരി

ഹോട്ടൽ കോസ്മോ

ബോർഡിംഗ് ആൻഡ് ലാഡ്ജിംഗ്

ജംഗ്ഷൻ വ്യൂ, കററച്ചക്കോണം, തിരുവനന്തപുരം

കററച്ചക്കോണത്തു വരുന്നവർ രുചിയായി കാപ്പി കുടിക്കുവാനും, സുഖമായി ഊണുകഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ സമീപിക്കുവിൻ.

N. B. താമസത്തിനു് സൗകര്യപ്രദമായ മുറികളും വാടകയ്ക്കു് കൊടുക്കപ്പെടും.

മാനേജർ

ശ്രീ. മന്നത്തുപത്മനാഭൻ തൂലികാചിത്രം അടുത്തലക്കത്തിൽ.

പ്പെട്ടിമോഷണം നടത്തിയ മാന്യനെക്കുറിച്ച് അന്വേഷിച്ചു് അടുത്തതിൽ.

ആലപ്പുഴ:—കോഴിക്കുട്ടിൽ ജോസഫ് വർഗ്ഗീസിന്റെ പഞ്ചസാരഡിപ്പോയുടെ ആഗമവും സ്വർണ്ണച്ചെയിനുമായിട്ടുള്ള ബന്ധവും എൻ. ഐ-യുടെ ഇടനില ഇടപാടും മനസ്സിലായി. മങ്കൊമ്പു തെക്കേക്കരയിലെ ഒരു ബാലകൃഷ്ണപിള്ളയുടെ തോന്ന്യാസങ്ങൾ പലരേയും കൊഴപ്പത്തിലാക്കിയിട്ടുണ്ടുപോൽ. സർക്കാർതോട്ടത്തിനു സമീപം പരേത ശ്രീ ശങ്കുണ്ണിവൈദ്യരുടെ സ്മാരകമായി ശ്രീ. ഉണ്ണിവൈദ്യരുടെ ഉടമസ്ഥതയിൽ തുറന്നിരിക്കുന്ന വൈദ്യശാലയ്ക്കു് നല്ല ഭാവിയുണ്ടായിരിക്കും-മുല്ലക്കലേന്ത്യൻ കമ്പനിയും സർവ്വമുക്ത്യാർ മണിയും മനസ്സിലായി. മുല്ലയ്ക്കൽ തങ്കപ്പനാചാരിയുടെ തങ്കമണിപോലുള്ള തങ്കവേലകൾക്ക് ആതങ്കമില്ലെന്ന് രവീന്ദ്രാപ്രസ്സിൽനിന്നും മനസ്സിലായി.

ഭീമന്റെ സ്വർണ്ണക്കടയിൽ ഏതുതരത്തിലും എത്ര വേണമെങ്കിലും സ്വർണ്ണാഭരണങ്ങൾ മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്.

പത്തനാപുരം:—പോച്ചുമാക്കറ്റിലെ പൂച്ചുവൈറ്റടിമൂലം സാധുക്കളുടെ വെള്ളംകുടി മുട്ടിക്കരുതേ' വെട്ടിമലത്തുകാരും കരക്കുപണിക്കാരും കനകംമൂലം പ്രേതം സൃഷ്ടിക്കാതിരിക്കാൻ ശ്രമിച്ചാൽ കൊള്ളാം-അരുന്ധതീദേവിയുടെ അസ്തമയം പലർക്കും കണ്ടിരുത്തിനു വകയുണ്ടുപോൽ: ഫാറസ്റ്റങ്ങുന്നു കണ്ണാടിട്യൂഷൻ നിറുത്തിയില്ലെങ്കിൽ ആപത്താകുമെന്ന് ഒരു സംസാരം.

അഞ്ചൽ—ശരദിവസം നടന്ന പ്രമാദമായ രണ്ടു സംഗതികൾ അറിഞ്ഞു വിശദവിവരം അന്വേഷണത്തിൽ. ഒരാട്ടിസ്റ്റായ മി. ലക്ഷ്മണന്റെ വിവാഹം മംഗളമായി നടന്നതിൽ കേസരി മംഗളമാശംസിക്കുന്നു. മി. കടകത്തു കേശവപിള്ളയുടേയും മി ഐദ്രോസ്സുകുഞ്ഞിന്റേയും നേതൃത്വത്തിൽ ലക്ഷ്മീതിയേറ്റർ ഉത്തരോത്തരം അഭിവൃദ്ധിയിൽ. ആയൂരെ മുസ്തഫാ ചായപോലെ, ശേഖരന്റെ വനചൂഷണംപോലെ, നെല്ലിക്കുന്നന്റെ പുത്രസ്നേഹപ്രകടനംപോലെ റേഷൻ വ്യാപാരികളുടെ അരിചൂഷണംപോലെയാണ് ഇമ്മേളയ്ക്കലെ പഞ്ചസാരവിതരണമെന്നു പറയുന്നതിൽ പരമാർത്ഥമുണ്ടോ!

ആയൂർ:—കവലയിൽ മാധവമന്ദിരത്തിൽ പുതുതായാരംഭിച്ച മി. ജോണിന്റെ ജൗളിക്കടയും മുമ്പിനാലെ പേരും പെരുമയും സിദ്ധിച്ചു നടന്നുവരുന്ന മിത്തുണ്ടുപച്ചു ഉണ്ണിയുടെ ജൗളിക്കടയും ജനങ്ങൾക്കൊരനുഗ്രഹമാണ്. മി. കുഞ്ഞുകുഞ്ഞിന്റെ പുകയിലയും സ്റ്റേഷനറി ഇവ ഉത്തരോത്തരം അഭിവൃദ്ധിയിൽ. കൃാഷ്യൂനട്ടുഫാക്ടറി മാനേജർ. മി. കരുണാകരന്റെ തൊഴിലാളികളോടുള്ള സന്മനോഭാവവും, നീതിപൂർവ്വകമായ പെരുമാറ്റവുംമൂലം ഫാക്ടറി ഭംഗിയായി നടന്നുവരുന്നു.

പുനലൂർ;—പതിനഞ്ചുകൊല്ലം തുടർച്ചയായി സ്ഥലത്തെ ചാരായഷാപ്പ് കണ്ട്റാക്ടെടുത്തു് അഭിമാനമായും അന്തസ്സായും അലോഹ്യങ്ങളൊന്നും കൂടാതെയും അസന്മാർഗ്ഗിക നടപടികളെ കർശനമായി എതിർത്തും നല്ലരീതിയിൽ നടത്തി ചാരായഷാപ്പുതന്നെ നിശ്ശേഷം നിറുത്തിച്ചു മംഗളമായി പര്യവസാനിപ്പിച്ച മി. പണിക്കരെ ആത്മാർത്ഥമായി അനുമോദിക്കുന്നു.

കവലയൂർ—അംബാജിസോപ്പുവർക്ക്സ് ഉടമസ്ഥൻ മി. രമേശനെപ്പറ്റി സ്ഥലത്തെ ഏജൻറ് വ്യക്തിപരമായ ചില സംഗതിവച്ചുകൊണ്ടു് മാസികവഴി ദൂഷിച്ചതു് സ്വന്ത അന്വേഷണത്തിൽ ആ വാർത്ത അടിസ്ഥാനരഹിതമായതുകൊണ്ടു് ലേഖകന് 2 രൂപാപിഴ ഇട്ടിരിക്കുന്നു.

(വി. കെ. പ.)

## ആവശ്യമുണ്ട്

100-രൂപാ ശമ്പളമോ, ആകർഷകമായ കമ്മിഷനോ സ്വീകരിച്ചും കൊണ്ടു് സമർത്ഥനായ ഒരു ചീഫ് ഓർഗനൈസറെ ആവശ്യമുണ്ട്.

500 രൂപാ ഡിപ്പോസിററു വക്കുവാൻ കഴിവുള്ളവർ മാത്രം അപേക്ഷിച്ചാൽമതി.

പത്രാധിപർ,

വികട കേസരി" ആററിങ്ങൽ.

നാവായിക്കുളം—സ്ഥലം ക്ഷേത്രത്തിലെ ഈ കൊല്ലത്തെ ഉത്സവം മുൻകൊല്ലങ്ങളെ അപേക്ഷിച്ച് വളരെ ഭംഗിയാക്കി നടത്തിയതിൽ ദേവസ്വം ശ്രീകാര്യക്കാരൻ അനുമോദനാർഹനാണു്.

മിതൃമ്മല—പാറയിൽ കോണത്തു ശ്രീ. എ അയ്യപ്പൻപിള്ള 90-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ രോഗം മൂലം ഇടവം 14-ാംനു- നിര്യാതനായിരിക്കുന്നു. പരേതൻെറ ആത്മാവിനു നിത്യശാന്തി പ്രാർത്ഥിക്കുന്നു.

അവനവൻചേരി—അമ്മൻ കോവിലിനു സമീപമുള്ള ഇടവഴിയിൽ സ്ഥിതിചെയ്യുന്ന ചുമടുതാങ്ങി മറിഞ്ഞു് വീണുകിടക്കുന്നതു നിമിത്തം ഗതാഗതതടസ്സം നേരിടുന്നു. ആററിങ്ങൽ മുൻസിപ്പാലിററിയുടെ ശ്രദ്ധ തെളിഞ്ഞു പതിയേണ്ടതാണു്.

വെഞ്ഞാറമൂട്:—സ്കൂൾകെട്ടിടത്തിൽ രാത്രികാലങ്ങളിൽ ചില സംഭവങ്ങൾ മലിനമാക്കുന്നുപോലും. ചന്തയിലെ വഷളത്തരങ്ങൾ ഉത്തരോത്തരം അഭിവൃദ്ധിയിൽ. വണ്ടിക്കാരനിൽനിന്നും വസൂൽചെയ്ത പണം എവിടെപോയോ മാണിക്കമംഗലത്തെ കുടിൽവ്യവസായം വളരെ അഭിവൃദ്ധിയിലാണുപോലും. നല്ലതരം സ്വർണ്ണാഭരണങ്ങൾ വിശ്വാസയോഗ്യമായി വേണമെന്നുള്ളവർ തിയേററിനു സമീപം ഗണപതിആചാരിയെ സമീപിക്കുക. സ്ഥലത്തെ ബ്ലോക്കുബോർഡുപ്രചരണം സ്തുത്യാർഹം.

പോത്തൻകോട്:—വാവറ അമ്പലത്തിനു സമീപം കൃഷ്ണനാചാരിയുടെ സ്വർണ്ണാഭരണജോലി ഉത്തരോത്തരം പുരോഗതിയിൽ.

കല്ലറ:—യുവജനസമാജം ഗ്രന്ഥശാലയുടേ ധനശേഖരണാർത്ഥം അഭിനയിച്ച ധൂമകേതു നാടകം വിജയത്തിൽ കലാശിച്ചതു് ഭാരവാഹികളുടെ അഭിനന്ദനാർഹമായ പ്രവൃത്തിയുടെ ഫലമത്രേ വികടകേസരിയുമായി ഇടപെടാനാഗ്രഹിക്കുന്നവരും റബ്ബർമുദ്രക്കാവശ്യക്കാരും ബാങ്കിനു സമീപം സ്റ്റേഷനറിക്കടയിൽ എം. തങ്കപ്പൻപിള്ളയെ സമീപിക്കുക.

ശശിഹോട്ടൽ രുചിക്കും ശുചിക്കും മെച്ചം.

അറിപ്പ—സാധുക്കളായ ജോലിക്കാരെക്കൊണ്ടു് ജോലിചെയ്യിച്ചിട്ടു് തല്ലിയോടിക്കുന്ന പ്രകൃതം നീലകണ്ഠപ്പിള്ളയ്ക്കു പററിയതാണോ?

ചോയിയക്കോട്:—ആററിൽ കുളിക്കുവാനയക്കുന്നതും പണപിരിവും ഒടുവിൽ അറികലശലുകളും ഒന്നും അഭിമാനകരമല്ലേ? രാമൻ ചേട്ടോ.

ഭരതന്നൂർ:—ജയ്ഹിന്ദ് ഹോട്ടൽ സ്ഥലത്തെ ഒരു നേട്ടമാണെന്നു സന്ദർശകർക്കറിയാം.

പാങ്ങോട്:—സ്ഥലത്തെ ഒരു റേഷൻകടയെ മലിനപ്പെടുത്താൻ ചില കുസൃതിക്കാർ തുടങ്ങിയിരിക്കുന്നതായി ഒരു ശ്രുതി.

പുല്ലമ്പാറ:—ചുള്ളാളത്തു് ഒരഞ്ചൽപെട്ടി സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണെന്നു് അധികൃതർ ഓർമ്മിക്കണേ നെടുംകൈതയിലെ ഗോവധം ഒന്നു നിറുത്തണേ.

വാമനപുരം:—ആധാരമെഴുത്തു മിടുക്കൻ നാണുപിള്ള കപടതന്ത്രങ്ങൾ നിറുത്തിയിട്ടു, വരിസംഖ്യ കുടിശിഖ അയച്ചു തരാതിരിക്കുന്നതു ഉചിതമാണോ? വികടകേസരി ഒരു പാവമാണേ. കാരേററു കെ. കെ. വി. വൈദ്യശാല അഭിവൃദ്ധിയിൽ. പുളിമാത്തു്, കഥകളി നടൻ മി. രാഘവൻപിള്ള ആശാൻെറ ഗുരുവായ നാണുപിള്ള ആശാൻെറ അകാലനിര്യാണം കലാപ്രണയികളായ പലക്കും ദുഃഖഹേതുകമത്രേ മേലാററുമൂഴി ഗ്രാമീണഗ്രന്ഥശാല അഭിവൃദ്ധിയിൽ സ്കൂളിലെ മൂത്രപ്പുരയുടെയും കിണററിൻേറയും സംഗതി ആരെങ്കിലും ഗൗനിക്കേണ്ടതത്യാവശ്യമാണേ.

ഇളമ്പ:- പൂവണത്തും മൂട്ടചന്തയിലെ അന്യായമായ പിരിവു മതിയാക്കിയാൽ കൊള്ളാം. മേച്ചേരി വീട്ടിൽ ജി. കൃഷ്ണപിള്ളയുടെ ജീവിതവൈഷമ്യങ്ങളെ ആരെങ്കിലും ഒന്നു ഗൗനിക്കണേ.

കുമ്മിൾ:—അഞ്ചൽ ഡിപ്പാർട്ടുമെൻറു ജോലികൾക്കു വിധേയമല്ലാത്ത ഈ സ്ഥലത്തും ജനങ്ങൾ താമസിക്കുന്നുണ്ടെന്നു അധികൃതർ അറിഞ്ഞാൽ കൊള്ളാം. വാഴ്ക്കുലയും മററും ആരും മോഹിക്കരുതേ!

മുദാക്കൽ:—ഒരു വൻകിട ജന്മിയുടെ ആധാരമെഴുത്തു രഹസ്യങ്ങൾ അന്വേഷണത്തിൽ.

വിതുര—സ്ഥലത്തെ K. P. S. M. ഗ്രന്ഥശാലക്കു് ഒരു വൻ തുക ഗ്രാൻറു് കിട്ടിയിട്ടും ഗ്രന്ഥശാലാപ്രവർത്തനം പഴയപടി മുടങ്ങി കിടക്കുകയും അനേകായിരം രൂപായുടെ പുസ്തകങ്ങൾ എലിക്കും ചിതലിനും ഭക്ഷണവസ്തുവായി തീരുവാനുള്ള കാരണത്തെക്കുറിച്ചും താലൂക്കു് ആർഗനൈസറും ഗ്രന്ഥശാലാസംഘം സെക്രട്ടറിയും ഒന്നന്വേഷിക്കുന്നതു് നന്നായിരിക്കും.

അനേകായിരം പേർ കുടിച്ചും കുളിച്ചും ജലക്ഷാമം പരിഹരിച്ചുവരുന്ന ഇവിടത്തെ ചെറുനദിയിൽ, ചില മുതലാളിമാർ സംഘംചേന്നു് വിഷാംശങ്ങൾ ഉപയോഗിച്ചു് മത്സ്യം പിടിക്കുന്ന ഏർപ്പാടു് സക്കിൾ ഓഫീസർ ഇടപെട്ടു് നിറുത്തിയില്ലെങ്കിൽ മത്സ്യതുല്യം നാട്ടുകാരും മലന്നുപോകുമേ.


വസന്താസാമിൽ

ചിറയിൻകീഴ് താലൂക്കിലെ മികച്ച

ഏകസ്ഥാപനം

നാലുമുക്കിനു സമീപം ആററിങ്ങൽ.

ഭക്ഷ്യധാന്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി മിതമായ റേറ്റിൽ ഇവിടെ പൊടിച്ചുകൊടുക്കപ്പെടും. മാനേജർ.

രക്ഷാകേന്ദ്രം

**ശശാങ്ക**

മൂത്രാശയരോഗങ്ങളാൽ പിടിപ്പെട്ട് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ട് വലയുന്ന സഹോദരീസഹോദരന്മാൎക്ക് പൂൎണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം, മൂത്രച്ചൂട്, മൂത്രത്തിലുള്ള അടപ്പ്, (കല്ലടപ്പ്) വയറെറരിച്ചിൽ, അസ്ഥിസ്രാവം (സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം.

24 നേരത്തേക്കുള്ള പാക്കററൊന്നിന്, വില 3 ക. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ
S. S. പിള്ള

വിജയാഫാർമസി,
H. O. മാവേലിക്കര, തിരുവിതാംകൂർ

# വിശ്വവിലാസ് ഫാർമസി

പോത്തൻകോട് A. O.

വിദഗ്ദ്ധമായ മേൽനോട്ടത്തിൽ, ശാസ്ത്രരീത്യാ, തയാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും പരിമിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

**N. B.** കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാരോഗങ്ങളേയും നിശ്ശേഷം മാററി—അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ—ഞങ്ങളുടെ "ബാലാമൃതം" ഉപയോഗിക്കുക—

വില കുപ്പി 1-ക്ക് 12 ണ.

പ്രൊ: എൻ. വിശ്വംഭരൻ വൈദ്യൻ,

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കുത്താട്ടുകുളം, പിറവം മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്.

ച്യവനപ്രാശം ലേഹ്യം റാത്തൽ 1-ന് 3 രൂപ

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം ഇവകളെ വൎദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചയടപ്പ്, രക്തവാദം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓൎമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ ഏററവും നിഷ്കൎഷയിലും സൂക്ഷ്മതയോടും തയാർ ചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപ്പട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക.

SWALLOW BRAND TRADE MARK

BROWN WINDSOR FROM SOAP.

സ്വാളോബ്രാൻറ സോപ്പുകൾ

ബാർ—ടിൻ—ക്യൂബ് മുതലായവ

പല സൈസിലും കിട്ടുന്നതാണ്.

സ്വാളോബ്രാൻറ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ച് സഹായ വിലക്ക് ലഭിക്കുന്നതിന് ആകർഷകമായ സൈസിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിൻെറ പ്രത്യേകത

ആകർഷകമായ നിറം—

ഹൃദ്യമായ വാസന.

ട്രാവൻക്കൂർ ഓയിൽമിൽസ്

ആലപ്പുഴ.

# THE RENUKA GOLDEN STORES

STATIONERY & GENERAL MERCHANTS,

KATTACHACONAM, PATTOM,

TRIVANDRUM.

Prop:- P. Balakrishna Panicker

എല്ലാത്തരം സ്റ്റേഷനറി സാധനങ്ങളും വാഷിംഗും, ടായിലററും സോപ്പുതരങ്ങളും, ഹോർളിക്സ്, ഓവൽടിൻ, ഓട്ടമിൽ, ഗ്ലാസ്കോ മുതലായ ആഹാരസാധനങ്ങളും പല ഇനം ഫൗണ്ടൻ പേനകളും മിതമായ വിലക്ക് ഇവിടെ കിട്ടുന്നതാണ്.

N. B. സ്കൂൾകുട്ടികൾക്ക് ആവശ്യമുള്ള നോട്ടുബുക്കുകളും മിതമായ വിലക്ക് ഇവിടെ കിട്ടുന്നതാണ്.

നവീന രീതിയിലുള്ള ഇംഗ്ലീഷ് ഫേഷ്യനുകളും, സിൽക്കു തരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും, കസവു കവണിത്തരങ്ങളും, മററു ജവുളിത്തരങ്ങളും മിതമായ വിലയ്ക്കു് ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ.

ബി. പുഷ്പാംഗതപ്പണിക്കർ.

പഴകുററി, നെടുമങ്ങാട്.

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ആർഡർ അനുസരിച്ച് മിതമായ വിലയ്ക്കു ചെയ്തുകൊടുപ്പാൻ തയാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ്.

എം. ബാലൻ.

പോത്തൻകോട്.


തിരുവനന്തപുരം പി. കെ. മെമ്മോറിയൽ പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.